The team VHSSK proudly presents

# ശൈലി




VHSS Kanichukulangara, Kanichukulangara.P.O. Cherthala. Alappuzha.(688 582)

# ദേവി ശരണം



# ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് ......



# ഞങ്ങളുടെ രക്ഷാധികാരി



**ശ്രീ.വെള്ളാപ്പള്ളി നടേശൻ**

**ബഹു. ദേവസ്വം പ്രസിഡന്റ്**

# ആമുഖം

നിലാവിന്റെ നറുവെളിച്ചം പോലെ....
പുലരിയിലേക്ക് എത്തിനോക്കുന്ന
ഉദയസൂര്യനെ പോലെ...
അക്ഷരങ്ങളുടെ മായികലോകത്തേക്ക് ,
സാങ്കേതിക വിദ്യയുടെ അനന്തവിഹായസ്സിലേയ്ക്ക്
ചുവടുവെക്കുകയാണ് ഈ കുട്ടിപട്ടങ്ങൾ...
വാഗ്ദേവതയെ സ്മരിച്ചുകൊണ്ട്,
പൂർവിക ഗുരുക്കന്മാരുടെ ആശിസ്സുനേടി,
നല്ലൊരു ഭാവിയിലേക്ക് കണ്ണുംനട്ട് ....
തങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും
നിരാശകളും ആത്മനൊമ്പരങ്ങളും ,തുലികയാലും
നിറച്ചാർത്തുകളാലും ആവിഷ്കരിക്കുകയാണ് ഇവിടെ.
വളപ്പൊട്ടുകളും കളിപ്പാട്ടങ്ങളും
നിറഞ്ഞ നമ്മുടെ ബാല്യകൗമാരങ്ങളിലേക്ക് ഒന്നു
തിരിഞ്ഞ് നോക്കുവാൻ കൊതിക്കുന്ന
*ഏവർക്കുമായി ഞങ്ങൾ ഇത് സമർപ്പിക്കുന്നു .*



# *Manager's Message*

*Education is an unending, life long process. Our student authors have put across some amazing pieces of writing,displaying their creative thinking and writing skills.*

*And the Little Kites Team have put their hands together to create such a fabulous magazine named 'BODHI'.*

***Congratulations and best wishes to all....!***

*Sri.***D.RADHAKRISHNAN**

**MANAGER**



# MESSAGE OF OUR H.M.

Mahatma Gandhi has rightly said:“An Education which does not teach us to discriminate between good and bad,to assimilate the one and eschew the other,is a misnomer".

Children of modern age are exposed to a lot of information and distraction which can be either good or bad in influence .The duty of *parents and teachers is to include ethical values and cultivating in them a discriminative intellect .Dutiful parents and teachers should not be afraid to enforce discipline because of momentary dislike by children .It is our duty to help children to discriminate what is good and what is bad .Success in life ,very much depends on it .'Little kites' is an innovative venture by our government to inculcate discriminative intellect in the mind of the students. I am extremely proud and happy that our Little Kites Team is ready with their first creative output 'BODHI' .*

***Congratulations and best wishes to all .***

**Smt. K.P. SHEEBA**
**HEADMISTRESS**



# Message of H S S Principal

*I am extremely happy to know that Little Kites Team of our school is publishing the 1$^{St}$ digital magazine named*

*'BODHI'*

*A magazine is an important document which not only is the happy repository of the events and achievements , but also a platform for revealing the glimpse of particular ethos in which school functions and of aspirations of the school and the students in future.*

*I extend my heartfelt wishes to this Endeavour.*

*" Congratulations for the entire Little Kites Team..... "*

***Smt. LYDA UDAYAN***
***Principal HSE Section***



# MESSAGE OF V.H.S.E. PRINCIPAL

The role of a school in a society is to help in developing a raw child into a perfect and responsible citizen . The development is not limited to academics only,but comprises character building and enriching values,integrity and self esteem in them . We see and treat every child given to us in this way . In a rapidly changing world like today's, it is important to keep our children up to date and their latent talents should be encouraged and fostered for their emotional well being . A school magazine comes to aid by providing a medium which gives enough room for the young minds to show their talents to the outer world without any hesitation. These young talents are like pencil drawings which need to be emboldened for turning them into beautiful portraits.

“My hearty congratulations for the Little Kites Team to publish such a nice magazine named “BODHI”.

**My best wishes...''**

**Sri. M.BABU**
**Principal VHSE Section**



# MESSAGE OF THE P. T. A .PRESIDENT

*As the P T A President of this school ,I feel so happy and proud at this moment .Our children ,The Team Little Kites have done a marvellous job which fills our heart with happiness and deserves a great deal of applause..*

*My hearty congratulations for the entire Team of Little Kites....*

**Sri. G.MADHU**
P.T.A. PRESIDENT

# EDITORIAL

*Endeavour, calibre and dedication are the most important key factors behind a successful work . I feel proud to declare that with the support and honourable effort of our "LITTLE KITES" team, the magazine " BODHI " is ready now! I hope our readers will find this magazine very informative and entertaining .  This magazine gave a platform for our students to fly ahead the world of creativity and also this helped the "LITTLE KITES" to endeavour into the world of technology.*

*I am thankful to all those blooming writers who were ready with their writings and also the 'little kites' who were ready with their valuable efforts. I would also like to extend my sincere "THANKS" to our H.M. "Mrs. K.P.SHEEBA" who gave us support for the publication of this MAGAZINE .*

*We would like to look forward your valuable suggestions for the betterment of the next issue of " BODHI "*

*With best wishes to all the students and readers......*

Editor-in-chief

*Mr.B.S.UNNIKRISHNAN*

# STAFF EDITORS & EDITORIAL BOARD



C.VIJAYAKUMAR



D.NISHA



M.MADHURIMA



B.S.UNNIKRISHNAN







## SIDHU .V.S.

**STUDENT EDITOR**

# *“<u>Team Little Kites</u>”*













കേരളത്തിന്റെ വയലിൻ മാന്ത്രികൻ ബാലഭാസ്കറിനു

ഞങ്ങളുടെ പ്രണാമം .....



# ഇത് ഞങ്ങളുടെ വിദ്യാലയ **ചരിത്രം....**

## ഒരു സരസ്വതിക്ഷേത്രത്തിന്റെ **ഉദയം...**



ശ്രീനാരായണ ഗുരുദേവന്റെ മഹനീയ നേതൃത്വത്തിൽ കേരളത്തിൽ ആകമാനം വീശിയടിച്ച നവോത്ഥാന കൊടുംകാറ്റിന്റെ അലകൾ കണിച്ചുകുളങ്ങര ഗ്രാമത്തെയും സ്പർശിക്കാതിരുന്നില്ല .. വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന ഗുരുദേവസന്ദേശം ഇവിടുത്തെ ജനങ്ങളിൽ ആവേശത്തിരകൾ ഉണർത്തി . ക്ഷേത്രഭരണസമിതി അംഗമായിരുന്ന ശ്രീ . എം.കെ. ദാമോദരൻ തെക്കേമുണ്ടെയ്ക്കാട്ട് ക്ഷേത്രം വക ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കണമെന്ന് ദേവസ്വം കമ്മറ്റിയിൽ ആവശ്യപ്പെട്ടു. കമ്മറ്റി അനുകൂല തീരുമാനം എടുക്കുകയും ശ്രീ.ദാമോദരനെ തന്നെ അതിനായി ചുമതലപെടുത്തുകയും ചെയ്തു .

അന്നത്തെ ദേവസ്വം പ്രസിഡന്റായിരുന്ന പടവൂർ ഇറ്റാൻ കുഞ്ഞുണ്ണി പണിക്കരെ സ്കൂൾ മാനേജരായി തെരഞ്ഞെടുത്തു കൊണ്ട് പ്രവർത്തനങ്ങൾ ആരംഭിച്ചു . 1924 മെയ് 19 നാണ് ക്ഷേത്രസന്നിധിയിലെ കളിത്തട്ടിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തനം ആരംഭിച്ചത് . 12 കുട്ടികളാണ് ആദ്യത്തെ ബാച്ചിൽ ഉണ്ടായിരുന്നത് . പുളിയംകോട്ട് ചെറുപറമ്പത്ത് ശ്രീ.പി.കെ.പരമേശ്വരകുറുപ്പായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്ററും അധ്യാപകനും . രേഖകൾ പ്രകാരം ശ്രീ. എം. ഡി. ദിവാകരൻ മഠത്തിപ്പറമ്പിൽ ,ചേർത്തല തെക്ക് ,ആണ് ആദ്യ വിദ്യാർത്ഥി .രണ്ട് പെൺകുട്ടികളും ഉണ്ടായിരുന്നു . കെ.കെ.ജാനകി മറ്റത്തിൽ-തെക്കുമുറി,വി.എം.ഭാരതി ചെട്ടിവേളി എന്നിവരായിരുന്നു അവർ .

അക്കാലത്തു സ്കൂൾ നടത്തികൊണ്ട് പോവുക വളരെ ശ്രമകരമായിരുന്നു . ഇന്നത്തെ പോലെ ഗവൺമെന്റ് ശമ്പളം കൊടുക്കുന്ന രീതി അന്ന് ഇല്ലായിരുന്നു . ഫീസുപ്പിരിവ്കൊണ്ട് അധ്യാപകർക്ക് ശമ്പളം കൊടുക്കാൻ പോലും കഴിഞ്ഞില്ല . ഈ പ്രതിസന്ധിയിൽ നിന്നും കരകയറുന്നതിനെ കുറിച്ച് ദീർഘമായ ചർച്ചകൾ നടന്നു . മിഡിൽ സ്കൂൾ ,ഹൈസ്കൂൾ ആയാൽ സാമ്പത്തിക നഷ്ടത്തിൽ നിന്നും കാരകയറാം എന്ന ആശയം ഉരുത്തിരിഞ്ഞു . 1944 ൽ കൂടിയ പൊതുയോഗം സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി തീരുമാനിക്കുകയും ഒരു കമ്മറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു . ശ്രീമാന്മാർ എൻ .ആർ കൃഷ്ണൻ , കെ.കേശവൻ പൊഴിക്കൽ ,പി.കെ.കേശവൻ പൊഴിക്കൽ , എം.കെ.ദാമോദരൻ തെക്കേ മുണ്ടക്കാട്ട് ,കെ.കെ.പ്രഭാകരൻ കാട്ടിടത്ത്,കെ.കെ.മാധവൻ (മാനേജർ )പടനേകാട്ടു , അരവിന്ദൻ കുഞ്ഞുണ്ണിപ്പണിക്കർ ഇടച്ചിലാട്ട് തയ്യിൽ , പി.കെ.നീലകണ്ഠൻ വൈദ്യർ പന്നിശ്ശേരിയിൽ , ഈ രാഘവൻ ബി.എ.എന്നിവരാണ് ആ കമ്മറ്റിയിൽ ഉണ്ടായിരുന്നത് .

അന്നത്തെ മാനേജർ പടനെകാട് ശ്രീ. മാധവനും സംഘവും ഹൈസ്കൂൾ അനുവദിക്കുന്നതിന് തിരുവനന്തപുരത്തുപോയി അധികാരികളെ കണ്ടെങ്കിലും കാര്യം നടന്നില്ല . സ്വന്തമായി കെട്ടിടം ഇല്ലാതിരുന്നത്കൊണ്ടാണ് സ്കൂൾ അനുവദിക്കാതിരുന്നത്. കെട്ടിടം പണിയാൻ സ്ഥലം കണ്ടെത്തുക എന്നതായിരുന്നു ആദ്യത്തെ വെല്ലുവിളി . അപ്ഗ്രേഡിങ് കമ്മറ്റി അംഗമായ ഇടച്ചിലാട്ടുതൈയിൽ ശ്രീ. അരവിന്ദൻ കുഞ്ഞുണ്ണിപ്പണിക്കർ ഹൈസ്കൂളിന് ആവശ്യമായ രണ്ടേക്കറിൽ പരം സ്ഥലം സൗജന്യമായി വിട്ടുകൊടുത്തു . രണ്ടാംലോകമഹായുദ്ധം നാടിനെ വറുതിയിലാക്കിയ സമയം.നാട് രൂക്ഷമായ ക്ഷാമത്തിൽ അകപെട്ടുകിടക്കുന്നു . ഈ പ്രതിസന്ധിയൊന്നും സംഘാടകരെ തളർത്തിയില്ല .

സ്കൂൾ കെട്ടിടം നിർമ്മിക്കുക എന്നത് അതീവക്ലേശകരമായ ഒരു കർമ്മമായിരുന്നു. ഇന്നത്തെപോലെ സഞ്ചാരസൗകര്യങ്ങൾ അന്ന് ഉണ്ടായിരുന്നില്ല . നാഷണൽ ഹൈവേപോലും അന്നില്ലാരുന്നു .കെട്ടിടനിർമ്മാണത്തിനുള്ള കല്ല് വേമ്പനാട്ട് കായൽ വഴി 6 km കിഴക്കുള്ള മുഹമ്മയിൽ നിന്നും കൊണ്ടുവന്നു . അവിടെ നിന്നും തലച്ചുമടായാണ് കണിച്ചുകുളങ്ങരയിൽ എത്തിച്ചത് .തടി , ചങ്ങാടത്തിൽ കടൽ വഴി കൊണ്ടുവന്ന് കടപ്പുറത്തുവച്ചു അറുത്ത്തലച്ചുമടായി എത്തിച്ചു . അങ്ങനെ വലിയൊരു കൂട്ടായ്മയുടെ ഫലമായി പുതിയ സ്കൂൾ കെട്ടിടത്തിൽ 1927 ൽ സ്കൂൾ പ്രവർത്തനം തുടങ്ങി . നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത് ശ്രീ .ഇറ്റാൻ കുഞ്ഞുണ്ണിപ്പണിക്കർ , ചാരങ്കാട്ട് ശ്രീ.കെ.കെ.വേലു ,വേലംപറമ്പിൽ ശ്രീ.കൃഷ്ണൻ മാധവൻ ,



മൂത്തുങ്കൽ ശ്രീ .മാധവൻ കുട്ടൻ ,ശ്രീ എം.കെ. ദാമോദരൻ എന്നിവരാണ് .

ഡി.പി.ഐയിൽ നിന്നും ലഭിച്ച പ്ലാൻ അനുസരിച്ച് സ്കൂൾപണിപൂർത്തിയാക്കി . ചാരങ്കാട്ട് ശ്രീ.കെ.കെ.വേലു , വെള്ളാപ്പള്ളിൽ ശ്രീ കേശവൻ പൊഴിക്കല് ,ശ്രീ കെ .കേശവൻ എന്നിവരുടെ അർപ്പണമനോഭാവവും നിശ്ചയദാർഷ്യവും കെട്ടിടം പണി പൂർത്തിയാക്കുന്നതിനു ഏറെ സഹായകരമായിരുന്നു . ഹൈസ്കൂൾ ആയി ഉയർത്തികൊണ്ടുള്ള ഓർഡർ കിട്ടി .ഇത് സാധിച്ചെടുക്കാൻ കാട്ടിക്കോവിലകത്തെ ശ്രീ രാമവർമ തമ്പുരാൻ ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തി . 1947 ൽ ഹൈസ്കൂൾ ക്ലാസുകൾ ആരംഭിച്ചു .ആദ്യ ഹെഡ്മാസ്റ്റർ ശ്രീ എ .മാധവൻ ആയിരുന്നു . അദ്ദേഹമാണ് ആദ്യ ക്ലാസ് എടുത്തത് . വളരെ അദ്ഭുതകരമായ വളർച്ചയാണ് ഉണ്ടായതു . 1974 ൽ കനകജൂബിലി ആഘോഷിക്കുമ്പോൾ മൂവായിരത്തിൽ പരം കുട്ടികളും 120 ജീവനക്കാരുമുള്ള ഒരു വിദ്യാലയമായി മാറി . ഈ സ്കൂളിൽ നിന്നും അറിവ് സമ്പാദിച്ചു പുറത്തുപോയവർ സമൂഹത്തിന്റെ വ്യത്യസ്ത സ്ഥലങ്ങളിൽ ശോഭിക്കുന്നു . ഇനിയും എത്രയോപേര് പ്രകത്ഭരാകാനിരിക്കുന്നു . ലോകത്തിന്റെ ഏതു കോണിലും ഇവിടെ നിന്നും പഠിച്ചിറങ്ങിയവരെ കാണാം.. ഇത് അഭിമാനകരമാണ് ഈ നാടിനും നമുക്കും . ഇനിയും ഒരുപാടു ഉയരങ്ങളിലെത്താൻ ഈ സ്കൂളിനാവുമെന്നും ... ഈ വിദ്യാലയത്തിന്റെ ഭാവി ഞങ്ങളുടെയും വരാനിരിക്കുന്ന ഓരോ വിദ്യാർഥിയുടെയും കൈകളിൽ ഭദ്രമായിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു ...



*(ref: സ്കൂൾ സ്മരണിക)*

**വൈഷ്ണവ്.എസ് , 9-A**

# ഡോ. എ. പി. ജെ അബ്ദുൾ കലാം



1931-ൽ തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ചു. പൂർണ്ണമായ പേര് അവുൽ പക്കിർ ജൈനുലബ്ദീൻ അബ്ദുൾ കലാം എന്നാണ്.
ഇന്ത്യയുടെ രാഷ്ട്രപതിയാകുന്ന ആദ്യത്തെ ശാസ്ത്രജ്ഞനായിരുന്ന എ. പി. ജെ. അബ്ദുൾ കലാം. ഇന്ത്യയുടെ 11 -മത്തെ രാഷ്ട്രപതിയായിരുന്ന ഡോ. എ. പി. ജെ. അബ്ദുൾ കലാം.
കഠിനാധ്വാനിയും സ്നേഹസമ്പന്നനുമായ പിതാവായിരുന്ന കലാമിൻെറ ആദ്യ വഴികാട്ടി. കലാമിനെ കലക്ടറാക്കണമെന്നായിരുന്നു അച്ഛന്റെ ആഗ്രഹം, കലാമിനാകട്ടെ പൈലറ്റാകണമെന്നും ." എന്തെങ്കിലും നേടണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അതിനുവേണ്ടി തീവ്രമായി ആഗ്രഹിക്കുകയും അത് തീർച്ചയായും നേടണമെന്ന് വിശ്വസിക്കുകയും ചെയ്യുക". സ്കൂൾ വിദ്യാഭ്യാസ കാലത്ത് ഒരു അധ്യാപകൻ കലാമിന് നൽകിയ ഉപദേശാമായിരുന്നു ഇതു . ആ ഗുരുവിന്റ വാക്കുകൾ കലാം ജീവിതകാലം മുഴുവൻ പ്രാവർത്തികമാക്കി .



**സോപാന .കെ .സനിൽ 9A**

# ഒരു കഥയും ഒരു രഹസ്യവും

അവർ കുതിരപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു . ഉണങ്ങി വരണ്ട ഒരു നദി കടക്കുകയായിരുന്നു . ''നില്ക് !''എവിടെ നിന്നോ ഒരു ആജ്ഞ. അതുകേട്ട് അവർ ഞെട്ടി നിന്നു. ''നിലത്തിറങ്ങി കൈകളിൽ വാരാവുന്നത്ര കല്ലുകൾ വാരി പോക്കറ്റിലിട്ടിട്ട് പോകൂ . '' രാത്രി ആയിരുന്നു ,നിലാവുണ്ടായിരുന്നു .അവർ കുതിരപ്പുറത്ത് നിന്നും താഴെയിറങ്ങി . ചിലർ ഒരു കൈ നിറയെ കല്ലുകൾ വാരി പോക്കറ്റിലിട്ടു .ചിലർ ഇരു കൈകളിലും നിറയെ വാരി പോക്കറ്റിലിട്ടു .ചിലർ ഏതാനും കല്ലുകൾ മാത്രമെടുത്തു പോക്കറ്റിലിട്ടു . ചിലർ കല്ലുകൾ കണ്ടിട്ടും തൊട്ടിട്ടും എടുക്കാതെ കൈകൾ മാത്രം പോക്കറ്റിലിട്ടു .''പോയി കിടന്നുറങ്ങു ,നേരം വെളുക്കുമ്പോൾ നിങ്ങൾ സന്തോഷിക്കും .സങ്കടപെടുകയും ചെയ്യും . വീണ്ടും ഒഴുകി വന്നു ശബ്ദം. അവർ അനുസരിച്ചു.



കുതിരപ്പുറത്തു കയറിപോയി. പാതിരാത്രി അവർ അവരുടെ വീടുകളിലെത്തി . വസ്ത്രം പോലും മാറാതെ തളർന്നുകിടന്നുറങ്ങി. എന്തത്ഭുതം ! രാവിലെ ഉണർന്നുപോക്കറ്റിൽ കൈയിട്ടു നോക്കിയപ്പോൾ എന്താണ കണ്ടതെന്നോ? കല്ലുകൾ മുഴുവൻ രത്നങ്ങളായി മാറിയിരുന്നു

അതു കണ്ട് അവർ സന്തോഷിച്ചു .കുറച്ചു കല്ലുകൾ മാത്രമെടുത്തുവർ അതോർത്തു ദുഃഖിച്ചു . ഒന്നുമെടുക്കാത്തവർ കൂടുതൽ ദുഃഖിച്ചു . കഥ കഴിഞ്ഞു ..ഇനികഥയിലെ കാര്യം പറയാം . ആ കല്ലുകൾപോലെയാണ് അറിവ് . വിദ്യാഭ്യാസകാലത്ത് അതിനു ശ്രമിക്കാത്തവർ പിന്നീട് ദുഃഖിക്കും.

**ഹരികൃഷ്ണൻ - 8A**

# ഏത്തയ്ക്ക ചപ്പാത്തി



1 ഏത്തയ്ക്ക പുഴുങ്ങി പൊടിച്ചത് : രണ്ടു കപ്പ്

2 ഗോതമ്പ് മാവ് : അര കപ്പ്

3 വെള്ളം , ഉപ്പ് : പാകത്തിന്

4 പാചക എണ്ണ : ഒരു വലിയ സ്പൂൺ

5 കടുക് : ഒരു ചെറിയ സ്പൂൺ

6 ഉണക്ക മുളക് ചതച്ചത് :ഒരു ചെറിയ സ്പൂൺ

## പാചകം ചെയ്യുന്ന വിധം

ഗോതമ്പു പൊടി വെള്ളവും ഉപ്പും ചേർത്ത് വളരെ മയത്തിൽ കുഴയ്ക്കണം . കുഴച്ച മാവ് കട്ടയില്ലാതെ പൊടിച്ചു വച്ചിരിക്കുന്ന ഏത്തക്ക ചേർത്ത് ഒന്നുകൂടെ കുഴക്കുക...ചൂടായ എണ്ണയിൽ കടുകിട്ടു പൊട്ടുമ്പോൾ ചതച്ച ഉണക്ക മുളക് ചേർത്ത് മൂപ്പിക്കണം .എണ്ണ തണുക്കുമ്പോൾ ഇതിൽ കുഴച്ച മാവ് ചേർത്ത് ഒന്ന് കൂടെ കുഴച്ചെടുക്കണം .ചെറിയ ഉരുളകളായി ഏതെങ്കിലും രൂപത്തിൽ പരത്തിയെടുത്തു,ചൂടായ ദോശക്കല്ലിൽ എണ്ണ പുരട്ടാതിട്ടു ഓരോന്നും ചുട്ടെടുത്തു കറി കൂട്ടി കുട്ടിയ്ക്ക് കൊടുക്കുക.



കിരൺ .വി , 10 C

# സ്നേഹം


സ്നേഹമാണെന്റെ ജീവിതം,
സ്നേ ഹിക്കയാണെന്റെ ലക്ഷ്യം.
സ്നേഹത്തിനതീതമായൊന്നുമില്ലാ,
സ്നേഹമാണെന്റെ ജീവിതം.
സൂര്യൻ ഉദിക്കുന്ന
പോലെയാസ്നേഹം ,
ബന്ധനങ്ങൾ കൊണ്ടടരില്ല-
സ്നേഹം ..



സ്നേഹിക്കുക നാം എല്ലാവരെയും ,
സ്നേഹിക്കാൻ പഠിക്ക നാം എല്ലായ്പ്പോഴും .
സ്നേഹിക്കുകയാണെന്റെ ലക്ഷ്യം ,
സ്നേഹമാണ് അതിമനോഹരം .

അനുജ ഷാജി
9 D

# ശ്രീ നാരായണ ഗുരു  ജീവിതരേഖ



1856 - ജനനം

മാതാപിതാക്കൾ - ചെമ്പഴന്തി കൊച്ചുവിളയിൽ മാടനാശാൻ, കുട്ടിയമ്മ

1887 - ഗുരുകുല പഠനം പൂർത്തിയാക്കി

1888 - അരുവിപ്പുറം ശിവപ്രതിഷ്ഠ നടത്തി

1891 - കുമാരനാശാനെ കണ്ടുമുട്ടുന്നു

1903 - എസ്  എൻ  ഡി  പി യോഗം തുടങ്ങി

1904  - യോഗത്തിന്റെ മുഖപത്രമായി വിവേകോദയം ആരംഭിച്ചു

1909 - ചിങ്ങമാസത്തിലെ ചതയം നക്ഷത്രത്തിൽ ശിവഗിരിയിൽ ശാരദാമഠത്തിനു തറക്കല്ലിട്ടു

1922 - രവീന്ദ്രനാഥ ടാഗോറുമായി കൂടിക്കാഴ്ച നടത്തി

1925 - വൈക്കം സത്യാഗ്രഹസമയത്ത് ഗാന്ധിജിയുമായി കൂടികാഴ്ചനടത്തി

1928 - സെപ്റ്റംബറിൽ ശിവഗിരിൽ വെച്ച് സമാധിയടഞ്ഞു

**ശ്രീ നാരായണ ഗുരുവിന്റെ കൃതികൾ**

ദൈവദശകം,അനുകമ്പാദശകം, ജാതിലക്ഷണം, ശിവശതകം,കുണ്ഡലിനിപ്പാട്ട്,അദ്വൈതദീപിക , ദര്ശനമാല , നിർവൃതിപഞ്ചകം,വിനായകാഷ്ടകം , തിരുക്കുറൾ തർജ്ജമ ഈശാവാസിയോപനിഷത് ,ജ്ഞാനദര്ശനം, കാളീനാടകം , ചിതംബരാഷ്ടകം , ഇന്ദ്രിയവൈരാഗ്യം  തുടങ്ങിയവ .



പാർവതി , 9 D

# <u>സ്നേഹത്തിന്റെ വില</u>




ഒരിടത്തു ഒരിടത്തു ചക്കി എന്ന ഒരു നല്ല കുട്ടിയുണ്ടായിരുന്നു . ഒരിക്കൽ അവൾക്ക് അവളുടെ വീടിനടുത്തുനിന്നു ഒരു തത്തയേകിട്ടി . അതിന്റെ കാലിൽ മുറിവ് പറ്റിയിരുന്നു. അതിനെ അവൾ ഒരു കൂട്ടിലാക്കി സംരക്ഷിച്ചു.പക്ഷേ തത്തയ്ക്ക് എന്തോ സങ്കടമുള്ള പോലെ അവൾക്കു തോന്നി . ഒരു ദിവസം അവൾ അതിനെ തുറന്നു വിട്ടു .തത്ത പോയപ്പോൾ അവൾക്കു സങ്കടമായി .

പിറ്റേ ദിവസം രാവിലെ വീട്ടുമുറ്റത്തു തത്തകൾ ചിലക്കുന്ന ശബ്ദം കേട്ട് അവൾ ഓടി ചെന്ന്. അപ്പോൾ അവിടെ കണ്ട കാഴ്ച അവളെ അദ്ഭുതപ്പെടുത്തി . അവൾ പറത്തി വിട്ട തത്തയും അതിന്റെ കൂട്ടുകാരും അവിടെ നിൽക്കുന്നു .അവൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി അതിനെല്ലാം ഭക്ഷണം കൊടുത്തു. അവൾ നൽകിയ സ്നേഹത്തിന്റെ വില പോലെ എന്നും ആ തത്തകൽ അവളുടെ വീട്ടുമുറ്റത്തു വിരുന്നുവന്നുകൊണ്ടേയിരിക്കുന്നു .

അക്ഷയ് ദാസ് 8 A

# ടയർ കള്ളൻ




അവധിക്ക് നാട്ടിൽ വന്നതാണ് പട്ടാളക്കാരനായ ഗിഗ്ഗ ഗൊറില്ല. ഒരു കൊച്ചു ഹോട്ടലിൽ ഇരുന്നു ചായ കുടിക്കുമ്പോൾ ആണ് സാഗു എന്ന കരടി വന്നത് . സാഗു ഒരു മെക്കാനിക്കാണ്. വന്നപാടേ സാഗു പറഞ്ഞു ,"ചേട്ടാ ഞാൻ ഒരു കാർ ഓടിച്ചു നോക്കുകയായിരുന്നു. അതിനിടെ വീലിനു ചെറിയ ഒരു ഇളക്കം. ഞാൻ ടയർ ഊരിമാറ്റി ഗ്രീസിട്ട് വെച്ചു. എന്നിട്ട് അടുത്തുള്ള എ.ടി.എമ്മിൽ കയറി. തിരിച്ചു വന്നപ്പോൾ



ടയറില്ല.രണ്ടുപേരേ ആ വഴിയെ വന്നുള്ളൂ  എന്നാണ് എ.ടി.എമ്മിലെ സെക്യൂരിറ്റി പറഞ്ഞത്. ഒരു ചെന്നായയും  ഒരു കഴുതപ്പുലിയും , അവരെ ഞങ്ങൾ പിടിച്ചു വച്ചിട്ടുണ്ട്. ആരാണ് കള്ളൻ എന്ന് ചേട്ടൻ കണ്ടുപിടിച്ചു തരണം". അത് കേട്ട് ഗിഗ്ഗു പറഞ്ഞു, "ശരി"." ആദ്യം അവർക്കു രണ്ടുപേർക്കും ഓരോ ചായ വീതം കൊടുക്ക് ". അമ്പരന്നു പോയെങ്കിലും സാഗു ഇരുവർക്കും ഓരോ ചായ വീതം കൊടുത്തു.ചായ കുടിച്ചുകഴിഞ്ഞ് ഗ്ലാസ് മേശപ്പുറത്തു വെച്ചതും ഗിഗ്ഗു കഴുതപ്പുലിയെ പിടിച്ചിട്ട് പറഞ്ഞു "ഇവനാണ് കള്ളൻ ". സാഗു അത്ഭുതത്തോടെ ചോദിച്ചു "എങ്ങനെ മനസ്സിലായി?" ഗിഗ്ഗു പറഞ്ഞു

"ഇവന് കൊടുത്ത ഗ്ലാസിൽ ഗ്രീസ് പറ്റിയിരുന്നു ടയർ എടുത്തു ഒളിപ്പിച്ചപ്പോൾ പറ്റിയ ഗ്രീസാ അവന്റെ കയ്യിൽ .

ഹ ഹ ഹ .....



അർജ്ജുൻ ഷാജി , 8 B

# പൂക്കാലം

പൂക്കാലം വന്നു...പൂത്തുമ്പി വന്നു
പൂമണം പരക്കുന്നു നാടെല്ലാം .
പൂക്കൾ പതിയെ തല ഉയർത്തുന്നു ,
കരിവണ്ടും മൂളി പറന്നു വരുന്നു ,
പൂക്കൾ പൂത്തു വരിഞ്ഞു കിടക്കുന്നു ,
പൂക്കാലം വന്നു .. പൂത്തുമ്പി വന്നു
പൂക്കാലം വന്നു ... പൂത്തുമ്പി വന്നു
പൂക്കാലം വന്നു ... പൂത്തുമ്പി വന്നു
പൂമണം പരന്നു നാടെല്ലാം



പൂക്കൾ പതിയെ തല ഉയർത്തുന്നു
കരിവണ്ടും മൂളി പറന്നു വന്നു
പൂക്കൾ പൂത്തു വരിഞ്ഞു നിന്നു
പൂക്കാലം വന്നു ... പൂത്തുമ്പി വന്നു
പൂക്കാലം വന്നില്ല പൂത്തുമ്പി വന്നില്ല
പൂമണം നാട്ടിൽ പരന്നുമില്ല



പൂക്കൾ പതിയെ തല താഴ്ത്തി
കരിവണ്ടും മൂളി തിരികെപ്പോയി
പൂക്കൾ വിരിഞ്ഞു കൊഴിഞ്ഞു പോയി
പൂക്കാലം വന്നില്ല പൂത്തുമ്പി വന്നില്ല
പൂമണം നാട്ടിൽ പരന്നുമില്ല
പൂക്കളെ പിന്നാരും കണ്ടില്ല
കരിവണ്ടും മൂളിയ കേട്ടില്ല
പൂക്കൾ പിന്നെ പൂത്തില്ല
പൂക്കാലം വന്നില്ല... പൂത്തുമ്പി വന്നില്ല...



**അഞ്ജന K S , 10 - A**

# നിശ്ചയദാർഢ്യം

ഒരിക്കൽ ഒരു ബാലൻ തിരക്കുനിറഞ്ഞ

തെരുവിലൂടെ നടക്കുകയായിരുന്നു .തന്റെ സമീപത്തു

വന്ന കൈ നോട്ടക്കാരനോട് ആകാംഷയോടുകൂടി

അവൻ ചോദിച്ചു "നോക്കു ഞാൻ രാജാവാകുമോ?"

അവന്റെ കൈ നോക്കിയ കൈനോട്ടക്കാരൻ

പറഞ്ഞു ."നിന്റെ കയ്യിൽ രാജാവാകുവാനുള്ള

രേഖയില്ല .” എതുരേഖയാണ്



രാജാവാകുവാൻ വേണ്ടതെന്ത ചോദിച്ചു കൊണ്ട്
അവൻ കൈ ആഴത്തിൽ വരഞ്ഞു .രക്തം ചീറി
തെറിച്ചതു കണ്ട്
സ്തബ്ദനായ കൈനോട്ടക്കാരനോട് ചിരച്ച മു-
ഖത്തോടെയും അതിലേറെ
നിശ്ചയദാർഢ്യത്തോടെയും അവൻ ചോദിച്ചു .
"പറയു ഞാൻ ഇനി രാജാവാകില്ലേ ?എന്റെ കയ്യിൽ
രേഖ ഉണ്ടല്ലോ ."അൽപ്പനേരം നിശബ്ദനായി നിന്ന
കൈ നോട്ടക്കാരൻ പറഞ്ഞു "അല്ലയോ ബാലാ,നീ
രാജാവല്ലേ ചക്രവർത്തിയാവാൻ പിറന്നവനാണ് .
വർധിച്ച ആത്മവിശ്വാസത്തോടുകൂടി ആ ബാലൻ
പ്രവർത്തിക്കുകയും ഒടുവിൽ ഒരു ചക്രവർത്തി
ആവുകുകയും ചെയ്തു .കുട്ടുകാരെ ഈ ബാലൻ
മറ്റാരുമായിരുന്നില്ല .ലോകത്തെ നടുക്കി വിറപ്പിച്ച
നെപ്പോളിയൻ ബോണപ്പാർട്ട്
ചക്രവർത്തി .സ്വന്തം
ഇച്ഛാച്ഛക്തിയാൽ
ചക്രവർത്തിയായവൻ ...




**ADWAITH.A.S , 9 B**

# കേരളം



എന്റെ കേരളം,

എത്ര സുന്ദരം എത്ര സുന്ദരം,

എന്റെ ചാരു കേരളം..

പച്ച പായ വിരിച്ച കിടക്കും, എന്റെ സുന്ദര കേരളം..

കിളികൾ കള കളം പാടി നടക്കും ,

എന്റെ സ്വന്തം കേരളം..

കാട്ടരുവികളും, പുഴയും ,പച്ചകുന്നും ,

നെയ്തു വിടർത്തും കേരളം ..

ആഘോഷങ്ങൾ പലവിധം ഉള്ളൊരു

കേരളമാണ് എന്റേത് ..

പച്ചയുടുപ്പും ,പൂക്കളും ചൂടിയ

സുന്ദരിയാണെൻ കേരളം..

ഇങ്ങനേ പലതും നെയ്തുവിടർത്തും ,

നമ്മുടെ ചാരു കേരളം ..

എത്രസുന്ദരം ,എത്രസുന്ദരം

എന്റെ ചാരു കേരളം..

അഭിമന്യു.എ , **8 B**



# <u>മഴവില്ല്</u>

മാനത്തുണ്ടൊരു കൊട്ടാരം ,പുഞ്ചിരിതൂകും കൊട്ടാരം,

വർണം വിതറും കൊട്ടാരം ,സുന്ദരമായൊരു കൊട്ടാരം,

പൂക്കളിനഴകാം കൊട്ടാരം, ഏഴ് നിലയുള്ള കൊട്ടാരം,

ഏഴ് വർണമുള്ള കൊട്ടാരം, മഴവില്ലെന്നൊരു കൊട്ടാരം,

കാണാനഴകുള്ള കൊട്ടാരം,

മഴയിലലിയും മഴവില്ലെന്നൊരു കൊട്ടാരം..

**നക്ഷത്ര 7B**










# മഴ



മഴയെന്നാണെൻ പേര് .

മഴവില്ലെന്റെ ചങ്ങാതി.

നിറങ്ങളൊന്നുമെനിക്കില്ല.

കുട്ടികളെന്നുടെ ചങ്ങാതി.

മാനവരുടെ ദാഹമകറ്റാൻ.

ഭൂമിക്കാകെ കുളിരേകാൻ.

തുള്ളികളായി വരുന്നു ഞാൻ.

ഭൂമിയിലേയ്ക്ക് പതിക്കും ഞാൻ .

സ്കൂൾ തുറക്കും കാലത്ത് ,

പെരുമഴയായി  വരുന്നു ഞാൻ ..

എന്നാലിപ്പോൾ നിങ്ങൾക്ക്

പ്രളയവുമായി ഞാനയ്യൊ..




**അഭിഷേക് വി.കെ , 8 - B**

# മഴയനുഭവം



മഴ ജീവിതത്തിൽ ഒഴിക്കാനാവാത്ത ഒന്നാണ്.അതുകൊണ്ടു തന്നെ മഴ ദൈവം കനിഞ്ഞുനല്കിയ  വരദാനമാണ്. ചില അപ്രതീക്ഷിതമായ നിമിഷങ്ങളിൽ പെയുന്ന മഴ നമ്മെ വല്ലാണ്ട് വിഷമിപ്പിക്കുകയും പ്രതിസന്ധിയിലാഴ്ത്തുകയും ചെയ്യാറുണ്ട്.മഴയെപ്പറ്റി പാടിപ്പുകഴ്ത്താത്ത കവികളില്ല.ജീവൻ കാത്തുനിൽക്കുന്ന പച്ചപ്പിന്റെ ശ്വാസമാണ് മഴ.ജീവിതതാളം തെറ്റിച്ചും ദുഃഖങ്ങൾ സമ്മാനിച്ചും വേർപാടുകൾ നൽകിയും ഒക്കെ മഴ എന്നും നമ്മോടൊപ്പം നമ്മിലൊരാളായി മാറുന്നുണ്ട്.മഴ ശക്തമായാൽ ഞാൻ നനയും.വീട്ടിലെത്തുമ്പോൾ അമ്മയുടെ ശകാരവും..പനിച്ചാലുണ്ടാവുന്ന ബുദ്ധിമുട്ടും കൂടെ.

അങ്ങനൊരു ദിവസം ഞാൻ വീട്ടിലേയ്ക്കു വരുന്ന വഴി മഴ പെയ്തു തുടങ്ങി ..   എന്റെ    ഹൃദയമിടിപ്പിന് വേഗതകൂടി.എന്തിനേറെ ഞൊടിയിടയിൽ തന്നെ അതാ മഴ ശക്തമായ കാറ്റോടുകൂടി നിലംപതിച്ചു തുടങ്ങി.കയറി

നില്ക്കാനൊരിടം പോലുമില്ലാത്ത ചുറ്റുപാടിലാണ്

ഞാൻ.വസ്ത്രമെല്ലാം നനഞ്ഞു കുതിർന്നു.സൈക്കിളിൽ നിന്ന്

കാലുകൾ പലപ്പോഴും തെന്നിമാറുന്നു.ഹാൻഡിൽ

നേരെപിടിക്കാൻ കഴിയാതെവന്നു ..മഴയെ ശപിച്ചുകൊണ്ട്

ഒരുവിധം ഞാൻ വീട്ടിൽ എത്തി.വസ്ത്രങ്ങളൊക്കെ

മാറി.ചൂടുവെള്ളം കുടിച്ച്  ആശ്വസിക്കുമ്പോൾ പുറത്തു

ശക്തമായി മഴയുണ്ടായിരുന്നു.ചെടിച്ചട്ടിയിൽ പൂക്കൾക്കു

ആഹ്ലാദത്തിന്റെ ധന്യനിമിഷം.ബക്കറ്റുകളിൽ ശുദ്ധജലം

നിറഞ്ഞതിന്റെ സന്തോഷം എനിക്കും അമ്മയ്ക്കും.




**നന്ദന. പി.ആർ, 8-A**

# പഴംചൊല്ലിലെ മഴ



.ആയിരം വെയിലാകാം,അര മഴ!

.മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും

.മഴ നിന്നാലും മരം പെയ്യും.

.മകീരത്തിൽ മതിമറന്നു പെയ്യണം

.ചിങ്ങത്തിലെ മഴ ചിണുങ്ങിച്ചിണുങ്ങി.

.തുലാംപത്തു കഴിഞ്ഞാൽ പ്ലാപ്പൊത്തിലും കിടക്കാം

.മകരത്തിൽ മഴ പെയ്താൽ ക്രുപ്പയിലും നെല്ല്

.മീനത്തിലെ മഴ പെയ്താൽ മീനിനു ഇരയില്ല

.തിരുവാതിരയിൽ തിരുതകൃതി.

.ഇടവത്തിൽ മഴ ഇടവഴി നീളെ.

.മഴ പെയ്താൽ പുഴയറിയും.

.അടമഴ വിട്ടാലും ചെടി മഴ വിടില്ല

.മഴവെള്ളപ്പാച്ചിൽ മുറംകൊണ്ടു തടുക്കാമോ?



**അഞ്ജന K.S. 10 A**

# കണിച്ചുകുളങ്ങര ക്ഷേത്ര ഉത്സവം



കണിച്ചുകുളങ്ങര ക്ഷേത്ര ഉത്സവം വളരെ പ്രസിദ്ധമാണ് . നാടിന്റെ നാനാദിക്കിൽ നിന്നും വരെ ധാരാളം ഭക്തജനങ്ങൾ ഉത്സവം കാണുന്നതിനു വേണ്ടി ക്ഷേത്രത്തിൽ എത്തി ചേരാറുണ്ട്. 21 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവത്തിൽ ദേവിയുടെ ഇഷ്ടവഴിപാടായ ചിക്കരവഴിപാടിനു ധാരാളം ഭക്തെജനങ്ങൾ എത്താറുണ്ട്.കണിച്ചുകുളങ്ങര ക്ഷേത്രം "ചിക്കരകുഞ്ഞുങ്ങളുടെ പൂങ്കാവനം" എന്നാണ് അറിയപ്പെടുന്നത്. അമ്പലത്തിലെ വേറൊരു പ്രത്യേകത കൊടിയേറ്റമാണ് .ഇത്കഴിഞ്ഞു ചരിത്രപ്രസിദ്ധമായ കൊടിയേറ്റ്സദ്യ .ഇത് കഴിക്കുന്നതിനായി നാടിന്റെ നാനാഭാഗത്തുനിന്നും ധാരാളം ഭക്തജനങ്ങൾ അമ്പലത്തിൽ വരുന്നു .



ചിക്കരകുട്ടികളുടെ കുട്ടക്കളം, ദേവിക്ക് താലിചാർത്ത്ഇതെല്ലം ഉത്സവത്തിന്റെ ഭാഗമായ ചടങ്ങാണ് .തെക്കേ ചേരുവാര ഉത്സവത്തിന് രാത്രി പള്ളിവേട്ടനടക്കുന്നു .വടക്കേ ചേരുവാര ഉത്സവത്തിന് രാത്രി ഗരുഡൻതൂക്കം  നടക്കുന്നു. ഗരുഡൻതൂക്കം നേരം വെളുക്കുമ്പോൾ ആമ്പലത്തിൽ എത്തും. തുടർന്ന് കിഴക്കു ഭാഗത്തുള്ള അമ്പലക്കുളത്തിലേക്ക് ആറാട്ടുനടത്തുന്നു .ആറാട്ടുകഴിഞ്ഞു തിരികെ വന്നു ചാഡ് ഇറക്കുന്നു . കൊടിയിറക്കുന്നതോടെ ഉത്സവം സമാപിക്കും . അവസാന ദിവസങ്ങളിൽ അരികുത്തു വഴിപാട് നടത്തുന്നു




ആദിത്യൻ പി.എസ്, 9-A

# ആലപ്പുഴ കിഴക്കിന്റെ വെനിസ്



ആലപ്പുഴയെ കിഴക്കിന്റെ വെനീസ് എന്ന് വിശേഷിപ്പിച്ചത് കഴ്സൺ പ്രഭു ആണ്.1957 ഓഗസ്റ്റ് 17 ന ആണ് ആലപ്പുഴ ജില്ല രൂപം കൊണ്ടത്. തിരുവിതാംകൂറിലെ വലിയദിവാൻജി എന്ന് പ്രശസ്തനായ രാജാകേശവദാസ് ആണ് ആലപ്പുഴ നഗരത്തിന്റെ ശില്പി .

കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയാണ് ആലപ്പുഴ. വനം ഇല്ലാത്ത ജില്ലയായ ആലപ്പുഴ ജലോത്സവങ്ങളുടെ നാട് എന്നും അറിയപ്പെടുന്ന . സംസ്ഥാനത്തെ ആദ്യത്തെ കയർ ഗ്രാമമായ വയലാർ ആലപ്പുഴ ജില്ലയിലാണ് .സംസ്ഥാനത്തെ ഏറ്റവും വലിയ ചുവർചിത്രമായ ഗജേന്ദ്രമോക്ഷം കൃഷ്ണപുരം

കൊട്ടാരത്തിലാണ്. കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട്ടുകായലിലാണ് നെഹ്രുട്രോഫി വള്ളംകളി നടക്കുന്നത് . പ്രകൃതി മനോഹരമായ "പാതിരാമണൽ ദ്വീപ് " വേമ്പനാട്ടുകായലിലാണ് . ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ എടത്വപള്ളി ,അർത്തുങ്കൽ സെന്റ്സെബാസ്റ്റൻസ് പള്ളി ,"തെക്കൻ ഗുരുവായൂർ" എന്നറിയപ്പെടുന്ന അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രം ഇവ ആലപ്പുഴയിലാണ് .

"കേരളത്തിന്റെ ഹോളണ്ട്" എന്നറിയപ്പെടുന്ന കുട്ടനാട് ആലപ്പുഴയിലാണ് തിരുവിതാംകൂർ ദിവാൻ ഭരണത്തിനെതിരെ 1946 ൽ നടന്ന പുന്നപ്ര വയലാർ സമരം ആലപ്പുഴയിൽ ആയിരുന്നു ."കുട്ടനാടിന്റെ ഇതിഹാസകാരൻ " എന്നറിയപ്പെടുന്ന തകഴി ശിവശങ്കരപ്പിള്ള ആലപ്പുഴക്കാരനാണ് . കാർഷിക ഗവേഷണത്തിൽ മുന്നിൽ നിൽക്കുന്ന ജില്ലയാണ് ആലപ്പുഴ . കായംകുളം ,മങ്കൊമ്പ് എന്നിവിടങ്ങളിൽ നെല്ല് ഗവേഷണ കേന്ദ്രങ്ങളുണ്ട് .കായംകുളത്തെ ചരിത്രപ്രധാനമായ കൃഷ്ണപുരം കൊട്ടാരം മാർത്താണ്ഡവർമ്മ പണികഴിപ്പിച്ചതാണ് .കേരളീയ വാസ്തുവിദ്യയുടെ ഉത്തമ മാതൃകയാണ് ഈ കൊട്ടാരം .

"ചെമ്മീൻ "എന്ന നോവലിലൂടെയും സിനിമയിലൂടെയും

പ്രശസ്തമായ പുറക്കാട് കടപ്പുറം ആലപ്പുഴയിലാണ് . പണ്ട് കേരളം വാണിരുന്ന മഹാബലിചക്രവർത്തിയുടെ പേരിൽ മഹാബലിക്കര എന്നൊരു നാടുണ്ടായി . പിന്നീടിത് മാവേലിക്കരയായി .രാജാരവിവർമ്മ അദ്ദേഹത്തിന്റെ പ്രസിദ്ധമായ ചിത്രങ്ങളിൽ പലതും ഇവിടെയുള്ള കൊട്ടാരത്തിൽ വച്ചാണ് വരച്ചിട്ടുള്ളത് .

ആലപ്പുഴജില്ലയിൽ 72 ഗ്രാമപഞ്ചായത്തുകളും ,12 ബ്ലോക്ക്പഞ്ചായത്തുകളും ,6 താലൂക്കുകളും ,6 മുനിസിപ്പാലിറ്റികളും ഉണ്ട് . കൂടാതെ 9 നിയമസഭാ മണ്ഡലങ്ങളും 2 ലോക്സഭ മണ്ഡലങ്ങളും (ആലപ്പുഴ, മാവേലിക്കര) , 82 km ദൈർഖ്യമുള്ള കടൽത്തീരവുമുണ്ട് .

സംസ്ഥാനത്തെ മികച്ചപഞ്ചായത്തിനുള്ള (1995 -96 ) സ്വരാജ്ട്രോഫി നേടിയ കഞ്ഞിക്കുഴി പഞ്ചായത്ത് ആലപ്പുഴ ജില്ലയിലാണ് . സർപ്പാരാധനയ്ക്ക് പ്രസിദ്ധമായ മണ്ണാറശാല ക്ഷേത്രം ,ദേവി കൃപയാലും ചിക്കര വഴിപാടിനാലും പ്രസിദ്ധമായ കണിച്ചുകുളങ്ങര ക്ഷേത്രം ഇവ ആലപ്പുഴയിലാണ്




ശിവാനി വിജയ് ,10-D

# നമ്മുടെ വിദ്യാലയം, പ്രധാന വർഷങ്ങൾ



19 .05 .1924 ൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. 09 .06 .1947 ൽ *കണിച്ചുകുളങ്ങര ഹൈസ്കൂളായി .08 .10 .1974 ൽ ബോയ്സ് ഹൈസ്കൂളായും ഗേൾസ് ഹൈസ്കൂളായും വിഭജിച്ചു .15 .10 .1997 ൽ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗവും .01 .08 .2000 ൽ ഹയർസെക്കണ്ടറി വിഭാഗവും ആരംഭിച്ചു . അഞ്ചാം തരം മുതൽ ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷനും പ്രവർത്തിക്കുന്നു . 01 . 06 .2017 മുതൽ ഞങ്ങളുടെ സ്കൂൾ ഹൈടെക്കായി മാറി .*



**അനുകൃഷ്ണൻ.എ , 9-A**

## സമയമുള്ളവർക്ക് വായിക്കാൻ




പറയുമ്പോൾ ചെറിയൊരു വാക്ക്.എന്നാൽ,അതിന്റെ അർത്ഥം പറഞ്ഞുമനസിലാക്കണമെങ്കിലും ഏറെ സമയമെടുക്കും. പറഞ്ഞുവരുന്നത് 'സമയം' എന്ന വാക്കിനെ കുറിച്ച് തന്നെ!

നമുക്കിതിനെ കാണാനും കേൾക്കാനും കഴിയില്ല.എന്നാൽ നമ്മുടെയെല്ലാം ജീവിതം നിയന്ത്രിക്കുന്നത് സമയമാണ്.മനുഷ്യനെ മാത്രമല്ല,ഈ ലോകത്തിലുള്ള സകലതിനെയും സമയം അതിന്റെ വരുതിയിൽ നിർത്തുന്നു.

സമയത്തെ ആർക്കും പിടിച്ചുനിർത്താനാവില്ല. കെട്ടഴിച്ചുവിട്ട കുതിരയെപോലെ അത് പാഞ്ഞു കൊണ്ടിരിക്കുകയാണ്. പ്രപഞ്ചമുണ്ടായ നിമിഷം മുതൽ ഓട്ടം തുടങ്ങിയ പന്തയക്കുതിര !അത് എന്ന്നിൽക്കുമെന്ന് ആർക്കും പ്രവചിക്കാനാവില്ല.

നമ്മുടെ ശരീരത്തിനും ഒരു ക്ലോക്കിന്റെ കൃത്യതയുണ്ട്.ഹൃദമിടിപ്പിനും ,ശ്വാസോഛ്വാസത്തിനും, ദഹനപ്രക്രിയയ്ക്കും ,കൃത്യമായ ഒരു സമയമുണ്ട്.ഇത് നമ്മുടെ ഉള്ളിലെ ഒരു ജൈവഘടികാരത്തിന്റെ സാന്നിധ്യം വെളിവാക്കുന്നു .

**നിഖിൽ.എസ് 10 - A**



# ഒരു ഗന്ധർവൻ ഈ വഴിവന്നു [വയലാറിന്റെ ജീവിതം]

1928 മാർച്ച് 15 നാണ് രാമവർമ്മ ജനിച്ചത്. ഒരു ആധുനിക കവിയും ഗാനരചയിതാവുമായിരുന്നു അദ്ദേഹം. ആലപ്പുഴ ജില്ലയിലെ വയലാർ എന്ന സ്ഥലത്തായിരുന്നു ജനനം. ഒരു കുലീന കുടുംബത്തിൽ ജനിച്ച രാമവർമ്മ വിപ്ലവാശയങ്ങളാൽ ആകൃഷ്ടനാക്കപ്പെട്ട് ഒരു തൊഴിലാളി കവിയാകുകയാണുണ്ടായത്.

രാമവർമ്മ കൂടുതലും അറിയപ്പെട്ടിരുന്നത് ഭാവസാന്ദ്രമാർന്ന ചലച്ചിത്രഗാനരചയിതാവെന്ന നിലയിലാണ്.1974 ൽ അദ്ദേഹത്തിന് രാഷ്ട്രപതിയുടെ സുവർണ്ണ പുരസ്കാരം ലഭിച്ചു.1975 ൽ ഒക്ടോബർ 27 ന് അന്തരിച്ച അദ്ദേഹത്തിന്റെ സ്മരണാർത്ഥം, മലയാളസാഹിത്യത്തിന് ഒക്ടോബർ 27 ന് വയലാർ പുരസ്കാരം നല്കിപ്പോരുന്നു.

ഏകദേശം 2000 ത്തോളം ചലച്ചിത്രഗാനങ്ങൾ വയലാർ രചിച്ചു.അന്തരിച്ച് ദശകങ്ങൾ കഴിഞ്ഞിട്ടും അദ്ദേഹത്തിൻെറ നാടകഗാനങ്ങളും ചലച്ചിത്രഗാനങ്ങളും എന്നും പുതുമ നിലനിർത്തുന്നു.'ബലികുടീരങ്ങളെ...' എന്ന്തുടങ്ങുന്ന നാടകഗാനം ഇന്നും മലയാളികൾക്ക് ഉൾപുളകമാണ്. അദ്ദേഹത്തിന്റെ പ്രധാന കൃതികൾ പാദമുദ്രകൾ,മുളംകാട്,സർഗ്ഗസംഗീതം,ആയിഷ,എന്റെ ചലച്ചിത്രഗാനങ്ങൾ,പുരുഷാന്തരങ്ങളിലൂടെ,കൊന്തയും പൂണൂലും,ഒരു ജൂദാസ്സ് ജനിക്കുന്നു,ഖണ്ഡകാവ്യം,രക്തംകലർന്ന മണ്ണ്,എനിക്ക് മരണമില്ല,എന്റെ മാറ്റൊലി കവിതകൾ,വെട്ടുംതിരുത്തും എന്നിവയാണ് . 1961 ൽ സർഗ്ഗസംഗീതം എന്ന കൃതിക്ക് കേരളസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

**അനന്തു.എ 9 D**

**OUR SCHOOL......**

**OUR PRIDE......**












**OUR CAMPUS......**

**OUR WORLD...............**






# മലാല എന്ന മാലാഖ



പാക്കിസ്ഥാനിലെ സ്വാത്ത് താഴ്വരയിലുള്ള മിങ്കോറ പട്ടണത്തിൽ 1997 ജൂലൈ 12 ന് സിയാവുതിൻ യൂസഫലിയുടെയും ടോർ പെകൈ യൂസഫ്സായിയുടെയും മൂത്ത പുത്രിയായി മലാല ജനിച്ചു .'വിഷാദവതി' എന്നർത്ഥമുള്ള പേരിൽ നിന്നും മോചനം നേടുന്നതിനായി അവർ അവളെ പഠിപ്പിച്ചു .സ്വാത്ത് താഴവരയുടെ സൗന്ദര്യവും സമാധാനവും തല്ലിക്കെടുത്തിയ പാക്ക് -താലിബാൻ ഭീകരതക്കെതിരായാണ് മലാല ത്തൂലിക ചലിപ്പിച്ചത്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി പതിനൊന്നാം വയസ്സു മുതൽ മലാല പൊതുപ്രസംഗങ്ങൾ നടത്താൻ തുടങ്ങി .

തങ്ങൾക്കെതിരെ പ്രസംഗിച്ച മലാലയെയും കുടുംബത്തെയും ഉൻമൂലനം ചെയ്യാൻ ആയിരുന്നു താലിബാന്റെ ശ്രമം .2012 ഒക്ടോബർ 9 നു പരീക്ഷ എഴുതി കൂട്ടുകാർക്കൊപ്പം വീട്ടിലേക്ക് മടങ്ങുകയായിരുന്ന മലാലക്ക്നേരെ ഭീകരർ വെടിയുതിർത്തു .തലയ്ക്ക് ഗുരുതര പരിക്കേറ്റു മരണത്തോട് മല്ലടിച്ച മലാല ഒടുവിൽ ബ്രിട്ടനിലെ ബർമിംഗാവിലുള്ള ക്വീൻ എലിസബത്ത് ആശുപത്രിയിലെ ചികിത്സയിലൂടെയാണ് ജീവിതത്തിലേക്ക് തിരികെയെത്തിയത് . വധഭീഷണിയുള്ളതിനാൽ പാകിസ്താനിലേക് മടങ്ങാതെ ഇപ്പോൾ ബ്രിട്ടനിൽ കുടുംബസമേതം താമസിക്കുന്ന മലാല ബർമിങ്ങാമിലുള്ള എഡ്ഗ്ബാസ്റ്റൺ ഹൈസ്കൂൾ ഫോർ ഗേൾസിലെ വിദ്യാർത്ഥിനിയാണ്. നോബൽ സമ്മാനം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയെന്ന ബഹുമതിയും 17 കാരിയായ മലാലക്ക് അവകാശപ്പെട്ടതാണ് .മലാലയുടെ ജന്മദിനമായ ജൂലൈ 12 മലാല ദിനമായി ഐക്യരാഷ്ട്ര സംഘടന ആചരിക്കുന്നു .ഏറെ മാധ്യമ ശ്രദ്ധ പിടിച്ചു പറ്റിയ മലാല നമുക്ക് ഒരു മാതൃകയായിരിക്കട്ടെ.

**ഗൗരി നന്ദന - 8 B**



# അമ്മ

'അമ്മ സത്യമാണ് നിത്യമാണ്
സ്നേഹമാണ്
വാക്കുകൾക്കതീതയാണ്
ദിവ്യതയ്ക്കനന്തമാണ്
സൗമ്യമായ തേജസ്സാണ്
മൗനമായ നാദമാണ്
തേജസുറ്റ നാദമാണ്
ധർമമാണ് ധൈര്യമാണ്
സഹനശക്തി നിത്യമാണ്
അമ്മ ജന്മസർവ്വമാണ്

നിത്യമായ സത്യമാണ്
ജന്മമധുര സ്വപ്നമാണ്
തേജസുറ്റ രൂപമാണ്
നന്മയുള്ളതെന്നുമമ്മയാണ്
തുല്യതയ്ക്കതീതമാണ്
എന്തു ഞാൻ പറകിലും
ഒന്നുമമ്മയ്ക്കുപകരമായിടാ
ഉണ്മയാൽ പറകിലോ
'അമ്മ 'അമ്മ തന്നെയാം...

**മനോമി. ആർ 9 -A**

**എഴുതാതെ വയ്യ.........**

# ***പ്രളയത്തിന്റെ പിന്നാലെ ഒരു സഞ്ചാരം .........***

കേരളം അതി രൂക്ഷമായ ഒരു പ്രളയക്കെടുതിയിൽ നിന്ന് അതിവേഗം മുന്നേറുകയാണ് .ഇപ്പോൾ നമ്മൾ എല്ലാവരും ചിന്തിക്കുന്നത് സഹായങ്ങൾ എത്രയും പെട്ടന്ന് നമ്മുടെയെല്ലാം പൂർണ്ണ സഹകരണത്തോടെ ദുരിതബാധിതരിൽ എത്തിക്കണം എന്ന ഒരൊറ്റ ലക്ഷ്യത്തെ കുറിച്ചാണ് ..പക്ഷെ അപ്പൊഴും ചില യാഥാർഥ്യങ്ങൾ മൂടിവെക്കപ്പെട്ടാൽ അത് ഈ നാടിനെ വരും കാലങ്ങളിലും അപകടത്തിലാകും എന്ന ബോധ്യത്തിലാണ് ഇത് കുത്തികുറിക്കേണ്ടിവന്നത് .

ഈ പ്രളയത്തെ ബുദ്ധിജീവികൾ എന്ന് വിളിക്കുന്ന ഒരു വിഭാഗം മനുഷ്യനിർമിതമെന്നു ആവർത്തിച്ച് പറയുമ്പോഴും ചില ദുഷ്ടാലാക്കുകൾ അവരുടെ ചിന്തകളെ അടിച്ചമർത്താൻ പൂർവാധികം ശക്തമായി മുന്നോട്ടു വരുന്നതായി കാണാവുന്നതാണ്.....അതിനിടയിലും ജാതിയ്ക്കും മതത്തിനും രാഷ്ട്രീയത്തിനും ഉപരിയായി ജനങ്ങൾ ഒന്നിച്ചു മുന്നേറിയ ആ മാസ്മരികത വളരെ അധികം ആനന്ദം നൽകുന്ന ഒരു കാഴ്ചയും യാഥാർഥ്യവുമായിരുന്നു ....

ഈ പ്രളയത്തിന്റെ യഥാർത്ഥ ഉത്തരവാദികൾ ആരെന്നു ചോദിച്ചാൽ അതിനു ഒരു ഉത്തരം മാത്രമേയുള്ളു... മലയാളികളായ നമ്മൾ ഓരോരുത്തരും...പരിസ്ഥിതി ലോല പ്രദേശമായ കേരളത്തെ ഇത്രയേറെ ദ്രോഹിച്ച മറ്റൊരു സമയം ഉണ്ടായിട്ടുണ്ടോ എന്നത് നമ്മൾ ചിന്തിക്കേണ്ട വിഷയം തന്നെയാണ്....കഴിഞ്ഞ രണ്ട് വർഷകാലം നടന്ന റോഡ് നിർമാണത്തെ കുറിച്ചും ഒരു അവലോകനം നടത്തേണ്ടത് അനിവാര്യമാണ്. റോഡുകൾ ഉയർത്തി നിർമിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെപറ്റി ശാസ്ത്രിയമായി പഠിക്കാതെ റോഡുകൾ ഉയർത്തി നിർമിച്ചതിന്റേയും,കുന്നു ഇടിച്ചു റോഡുകൾ നേരെ ആക്കിയതിന്റെയും അനന്തരഫലം അനുഭവിക്കേണ്ടിവന്നതു നമ്മുടെ പശ്ചിമഘട്ടത്തിനു തന്നെയാണ്....

പരിസ്ഥിതി ലോല പ്രദേശമായ പശ്ചിമഘട്ടത്തിലെ മിക്കവാറും പ്രദേശങ്ങളിൽ എല്ലാം വളരെ ഏറെ ആഘാതം ഉണ്ടാക്കികൊണ്ടു പാറകൾ പൊട്ടിച്ച് റോഡുകൾ നിർമിക്കുകയും കുന്നുകൾ ഇടിച്ചു വീതി കൂട്ടുകയും റോഡിന്റെ വശങ്ങൾ ഉയർത്തുകയും ചെയ്ത ഒരു കാലഘട്ടമാണ് കഴിഞ്ഞുപോയത്...ഇതിന്റെ അനന്തര ഫലം മാധവ് ഗാഡ്ഗിൽ ചിന്തിച്ചതിനേക്കാൾ ഭീകരമായി എന്നാതാണ് വാസ്തവം..... ഇവിടെയാണ് C.R നീലകണ്ഠനെയും,ഹരീഷ് വാസുദേവനെയും ഓർത്തുപോകുന്നത്...

ദൈവത്തിന്റെ സ്വന്തം നാടിനെ ഈ അവസ്ഥയിൽ എത്തിച്ചവരെ ഇനിയും ഇത്തരം തെറ്റുകൾ ആവർത്തിക്കാൻ ഇവിടുത്തെ യുവത്വം അനുവദിക്കരുതു.... അധികാരിവർഗത്തിന്റെ ധാർഷ്ട്യത്തെ അതേരീതിയിൽ തന്നെ നേരിടാൻ ഇവിടുത്തെ യുവത്വത്തിനും സാധിക്കും .... ഇവിടുത്തെ യുവത്വത്തിന്റെ ശക്തി അധികാരികൾക്ക് ബോധ്യപ്പെട്ടിരിക്കുന്ന ഈ സമയമാണ് അതിനുത്തമം ... പ്രകൃതി സ്നേഹികളെയും E.ശ്രീധരനെ പോലുള്ളവരെയും വളരെ പുച്ഛത്തോടെ അപമാനിച്ചവർക്ക് പ്രകൃതി തന്നെ മറുപടി കൊടുത്തു കഴിഞ്ഞു ....

ഇവിടുത്തെ ഡാമുകൾ മാത്രമല്ല പ്രളയത്തിന് കാരണം എന്നത് ഒരു പകൽ പോലെ സത്യമാണ്....ഇവിടുത്തത്തെ ഡാമുകളിലെ ഷട്ടറുകൾ തുറക്കുന്നത് നോക്കി ഇവിടുത്തെ മാധ്യമങ്ങളും..... അതിലൂടെ ജനങ്ങളും ജാഗരൂകരായി ഇരുന്നപോൾ പ്രകൃതിയുടെ സ്വാഭാവിക ജലസംഭരണികളുടെ ഷട്ടറുകൾ നേരത്തെ തന്നെ ഇവുടുത്തെ ക്വാറി മാഫിയകൾ ഉൾപ്പെടുന്ന വിഭാഗം തകർത്തിരുന്നു...കാട്ടിൽ നിന്നും മരങ്ങളെ JCB ഉപയോഗിച്ച് കുറ്റി ഉൾപ്പടെ പറിച്ചു നീക്കിയതും വളരെ അപകടകരമായിട്ടുണ്ട്....സ്വാഭാവിക പരിസ്ഥിതിയിൽ ജലം സംഭരിച്ചു വച്ചിരിക്കുന്ന പല സ്ഥലങ്ങളിലും അധികാരികളുടെ അറിവോടെയും അല്ലാതെയും ക്വാറികൾ സ്ഥാപിച്ചു സ്ഫോടനങ്ങൾ നടത്തി പാറകൾ പൊട്ടിച്ചപ്പോൾ നമ്മൾ ആരും ഇതിന്റെ തീവ്രത എന്തായിരിക്കും എന്ന് ചിന്തിച്ചിട്ടുണ്ടാവില്ല എന്നതാണ് വാസ്തവം......ഈ വർഷത്തെ തെക്കുപടിഞ്ഞാറൻ മൺസൂൺ വളരെ ശക്തമായി മുന്നേറിയപ്പോൾ പശ്ചിമഘട്ടത്തിലെ മണ്ണിൽ സ്വാഭാവികമായി ശേഖരിക്കപ്പെട്ട ജലം ഉരുൾപൊട്ടൽ ആയി മാറി കിഴക്കൻ മലനിരകളെ പ്രകമ്പനം കൊള്ളിച്ചു എന്നതാണ് സത്യം....

കേരളത്തിന്റെ തെക്കു വടക്ക് ദിശയിൽ കിഴക്കൻ മേഖലകൾ എടുത്താൽ ഇത്രയേറെ ഉരുൾപൊട്ടലുകൾ ഉണ്ടായ ഒരു കാലഘട്ടം ഉണ്ടാടിയിട്ടുണ്ടോയെന്നതിനെക്കുറിച്ചു പഠനങ്ങൾ തന്നെ നടത്തേണ്ടിവരും .... ഇനി വരുന്ന കാലഘട്ടത്തിൽ ആ പ്രദേശങ്ങളിൽ ഉണ്ടാവാൻ പോകുന്ന ജലക്ഷാമത്തേയും,വരൾച്ചയെയും എങ്ങനെ നേരിടണം...?? ഇത് നമ്മുടെ മുന്നിലുള്ള പ്രധാന വെല്ലുവിളിയാകും... പശ്ചിമഘട്ടത്തെ ഇതിനു മുൻപ് വളരെയേറെ നശിപ്പിച്ച ബ്രിട്ടീഷുകാർക്കും 1924 ലെ വെള്ളപൊക്കത്തിലൂടെ പ്രകൃതി തന്നെ മറുപാടി കൊടുത്തത് ചരിത്രത്തിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്...

അഞ്ചു വർഷത്തേക്കായി നമ്മൾ നിർമ്മിച്ച റോഡുകളെല്ലാം അവിടെ തന്നെ ഉണ്ടോ എന്ന കാര്യത്തിൽ ഒരു പഠനം നടത്തുന്നത് നല്ലതായിരിക്കും ... കേരളത്തിന്റെ ഭൂപ്രകൃതിക്കു അനുസരിച്ചുള്ള നിർമാണ പ്രവർത്തനങ്ങളുമായി നമ്മൾ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു....

ഇവിടെ ഞാൻ ശ്രീ എ.പി.ജെ അബ്ദുൾ കലാമിനെ ഓർത്തുപോകുകയാണ് ... അദ്ദേഹത്തിന്റെ ഒരു നിർദ്ദേശമായിരുന്ന കേരളീയർ കൂടുതലായി ജലഗതാഗതത്തിന്റെ വിശാലമായ സാധ്യതകൾ ഉപയോഗിക്കണം എന്നത്. കേരളത്തിലെ ജലഗതാഗത പാതകൾ നവീകരിക്കാനുള്ള നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു. ചരക്കു നീക്കത്തിനായും ഈ പാത ഉപയോഗപ്പെടുത്താനാകണം. ചെലവ് കുറയുന്നതിനോടൊപ്പം നമ്മുടെ റോഡുകളിലെ മലിനീകരണവും ഇതിലൂടെ നമ്മുക്ക് കുറയ്ക്കാനാവും എന്ന യാഥാർഥ്യം ഇവിടുത്തെ അധികാരികൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു ...

അതുകൊണ്ട് ഇനിയും തെറ്റായ നയങ്ങളിലൂടെ മുന്നോട്ടു പോയാൽ നമ്മൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന നവകേരളത്തിന്റെ ഭാവിയെക്കുറിച്ചും നമ്മൾ ആശങ്കപ്പെടേണ്ടിയിരിക്കുന്നു ...ഇപ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ശക്തമായി ഇടപെടുന്ന കേരളത്തിലെ യുവജനങ്ങൾ നവകേരള നിർമ്മിതിയ്ക്കായുള്ള സർക്കാരിന്റെ നയരൂപീകരണ സമയത്തും ഇത് നടപ്പിലാക്കുന്ന സമയത്തും വളരെ സൂക്ഷ്മതയോടെ ഇടപെട്ടില്ലെങ്കിൽ ഇതും അവതാളത്തിലാവും ...

ശ്രീ.സ്വാമിനാഥൻ നടപ്പിലാക്കാൻ ഉദ്ദേശിച്ച കുട്ടനാട് പാക്കേജിന്റെ ഇന്നത്തെ അവസ്ഥയെ കുറിച്ച് നമ്മൾ ഓർക്കേണ്ടിയിരിക്കുന്നു.കുട്ടനാട് പാക്കേജ് ഈ വിധത്തിലാക്കിയവർ ഇവിടെയൊക്കെ തന്നെ ഉണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കി വേണം മുന്നോട്ടു പോകുവാൻ .....ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും തിമിരം ബാധിച്ച നമ്മളിൽ ഒരു പുതുവെളിച്ചം പകരാൻ ഈ പ്രളയത്തിന് സാധിച്ചു എന്നത് വളരെ സന്തോഷം പകരുന്ന ഒന്നാണ് ..... ഇപ്പോഴത്തെ നമ്മുടെ ലക്ഷ്യം പുനരധിവാസത്തിൽ തന്നെ ആയിരിക്കണം ...... അതിനുശേഷം കൃത്യമായ പഠനത്തിലൂടെയുള്ള നവകേരള സൃഷ്ടിയായിരിക്കും ഉത്തമമായി തീരുക .....

കേരളത്തിലെ ഓരോ ഭൂപ്രകൃതി വിഭാഗത്തിനും അനുയോജ്യമായ നിർമിതികളുടെ സാധ്യതയെകുറിച്ചുള്ള ചർച്ചകളും നയങ്ങളും ഇവിടെ ഉണ്ടാവണം എന്ന് ഓർമിപ്പിച്ചു കൊണ്ട് ...... സുസ്ഥിരമായ സാമൂഹിക സാഹചര്യങ്ങൾക്ക് വേണ്ടിയുള്ള ചിന്തകൾ ഉണ്ടാവട്ടെ എന്ന് ആശിച്ചുകൊണ്ട് ....ദുരിതാശ്വാസ പ്രവാർത്തനങ്ങളിൽ പങ്കെടുത്ത എല്ലാ സുമനസുകൾക്കും നന്ദി പറഞ്ഞുകൊണ്ട് ........................................

**ബി.എസ്. ഉണ്ണികൃഷ്ണൻ**
**അധ്യാപകൻ**
















2018-12-6 11:56









# ചെമ്പക മലർ

എന്തൊരു ഭംഗി നിന്നെ കാണാൻ

ചെമ്പക മലരേ തേൻ മലരേ...

എന്നുടെ മുറ്റത്തെന്നും നിറയെ

പുഞ്ചിരി തൂകി നീ നിൽപ്പൂ

വാടല്ലെ നീ  മായല്ലേ...


എന്നിൽ നിന്നും മറയല്ലേ

വർണ്ണ പൂവേ പൊൻ പൂവേ...

നിന്നെ കാണാൻ ഏന്തു രസം.

വിനായക്. ഡി

## എന്റെ വായന... എന്റെ യാത്ര.....




### മുകുന്ദനും മയ്യഴിയും .

മയ്യഴി  എന്നു കേട്ടാൽ മലയാളിക്ക് ആദ്യം ഓർമ വരുന്നത് എം. മുകുന്ദന്റെ "മയ്യഴിപുഴയുടെ തീരങ്ങളും", "ദൈവത്തിന്റെ വികൃതികളും" ആണ് . മുകുന്ദന്റെ  കഥകളും കഥാപാത്രങ്ങളും മയ്യഴിയുടെ തീരത്തു പൂത്തു തളിർത്തവയാണ്  .

# <u>തിരുവിതാംകൂർ ചരിത്രം</u>

മലയാളത്തിന് ആദ്യ ചരിത്ര നോവൽ സമ്മാനിച്ചത് സി.വി. രാമൻ പിള്ളയാണ്. സ്വാതന്ത്ര്യത്തിനു മുൻപുള്ള തിരുവനന്തപുരത്തിന്റെയും പരിസര പ്രദേശങ്ങളുടെയും (അന്നത്തെ തിരുവിതാംകൂർ)ചിത്രം നമ്മൾ മലയാളികൾക്ക് ഏറ്റവും മിഴിവോടെ പകർന്നു തന്നതും അദ്ദേഹമാണ് .സി.വി.യുടെ പ്രസിദ്ധ ചരിത്ര നോവലുകളായ മാർത്താണ്ഡവർമ്മ, ധർമ്മരാജ ,രാമരാജബഹദൂർ തുടങ്ങിയ കൃതികളെല്ലാം തിരുവിതാംകൂറിന്റെ സാമൂഹിക രാഷ്ട്രീയ ചിത്രം വരയ്ക്കുന്നവയാണ്

# ഖസാക്ക് എന്ന തസ്രാക്ക്





മലയാള നോവൽ ചരിത്രത്തിലെ തന്നെ ഇതിഹാസമാണ് ഓ.വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം .നോവൽ വായിച്ച കഴിഞ്ഞു ആസ്വാദകരിൽ ചിലർ മുല്ലാക്കയെയും, മൈമുനയേയും,അപ്പുക്കിളിയെയും, ശിവരാമൻ നായരെയും അന്വേഷിച്ച പാലക്കാട്ടേക്ക് ബസ് കയറിയതായാണറി യുന്നത്. ചിലർ കൂമൻ കാവും ഖസാക്കിലെ ഓത്തു പള്ളിയും ഏകാധ്യാപകവിദ്യാലയവും തേടി ഏറെ ദൂരം നടന്നു.. പാലക്കാട്ട ജില്ലയിലെ കിനാശ്ശേരിക്കടുത്തുള്ള തസ്രാക്ക് ഗ്രാമത്തെ ഓ.വി.വിജയൻ തന്റെ ഭാവനാ ദേശമായ ഖസാക്കാക്കി മാറ്റിയത് യാഥാർഥ്യവും ഭാവനയും ഇഴതിരിച്ചെടുക്കാൻ പറ്റാത്ത വിധമാണ്.നോവൽ വായിച്ചവരുടെയെല്ലാം മനസ്സിൽ ഖസാക്കും അവിടുത്തെ ജീവിതവും ഒരു പുരാവൃത്തം പോലെ പതിഞ്ഞു.

# പഴംകഥയുറങ്ങും തൃക്കോട്ടൂർ

തൃക്കോട്ടൂർ പെരുമ ,അഘോരശിവം ,തൃക്കോട്ടൂർ  കഥകൾ ,തൃക്കോട്ടൂർ നോവലുകൾ തുടങ്ങിയ യു.എ ഖാദറിന്റെ കഥകളെല്ലാം ഓർമിപ്പിക്കുന്നത് കോഴിക്കോട് ജില്ലയിലെ തൃക്കോട്ടൂർ ഗ്രാമത്തെയാണ്. ഇവയിലെ എഴുത്തു ഭാഷ തന്നെ തൃക്കോട്ടൂരിന്റെ തനതുശൈലിയാണ് .തട്ടാൻ ഇട്ട്യേമ്പ്യയും , ചാത്തുക്കുട്ടി ദൈവവും,മാണിക്യം വിഴുങ്ങിയ കണാരനും , അത്രുമാൻകുട്ടികുരിക്കളും, വൈറ്റിലസ്വാമിയുമെല്ലാം തൃക്കോട്ടൂരിൽ  നിന്ന് പുസ്തകതാളുകളിലെത്തിയവരാണ് .പഴംകഥകളുടെ നീരുറവയിൽ പച്ചപ്പ് നൽകുന്ന തൃക്കോട്ടൂർ ദേശത്തിന്റെ ജീവിത പെരുമ യു .എ .ഖാദർ തെളിച്ചു കൊടുത്ത ഭഗവതിച്ചൂട്ടിന്റെ വെളിച്ചത്തിൽ  കേരളം മുഴുവൻ വായിച്ചു .

**പാർവതി  9-D**



# മാന്യതയും സംസ്കാരവും

സമൂഹത്തിലെവിടെയും സാധാരണ കേൾക്കുന്ന ഒരു കാര്യം ആണ് "അയാൾ ഒരു മാന്യനല്ല, ആയിരുന്നു എങ്കിൽ അങ്ങനെ പറയുമായിരുന്നില്ല .എന്താണ് അയാൾ കാണിച്ചത്, സംസ്കാരമില്ലാത്തവൻ" എന്നൊക്കെ. പ്രവർത്തിയാണ് ഒരാളുടെ മാന്യതയും അമാന്യതയും തീരുമാനിക്കുന്നത് .ഒരു സ്ഥലത്തു മാന്യത നേടുന്ന കർമ്മം മറ്റൊരു സ്ഥലത്തു നീചമായ ഒന്നായി തീരുന്നതും നാം കാണുന്നുണ്ട്. അപ്പോൾ മാന്യത എന്ന പദം നാം എങ്ങനെ നിർവ്വചിക്കും ?

മാന്യൻ എന്ന വാക്കിനെ ഇങ്ങനെ നിർവ്വചിക്കാം , മാനിക്കത്തക്കവിധം സ്വഭാവമുള്ളവൻ ആരോ അവൻ

മാന്യൻ .സ്വന്തം ജീവിതം കൊണ്ട് മറ്റുള്ളവർക്ക് മാഹാന്മ്യം ബോധ്യപ്പെടുത്തി

കൊടുക്കുന്നവൻ... എന്തായാലും സമൂഹത്തിൽ ഒരാളെ മാന്യൻ ആക്കുന്നത് വാക്കും പ്രവർത്തിയും

തന്നെ .വിദ്യാഭ്യാസ

യോഗ്യതയോ ,കുലമഹിമയോ, സാമ്പത്തിക കഴിവോ ഒരു വ്യക്തിയെ യോഗ്യനാക്കി കൊള്ളണമെന്നില്ല ധാർമ്മികമായ കാഴ്ചപ്പാടും അത് പുലർത്തുവാനുള്ള ഇച്ഛാശക്തിയുമുള്ള വ്യക്തിയാണ് മാന്യൻ.

പഠനവും ഉന്നത ബിരുദങ്ങളും നേടുമ്പോഴും സമ്പത്തുണ്ടാകുമ്പോളും വ്യക്തിയിൽ സ്വയം വന്നു ചേരുന്ന

ഒന്നാണ് അഹങ്കാരം .അത്

മാറ്റണം .നല്ല വായന ഉള്ള വ്യക്തി

മാന്യത സ്വീകരിക്കും . ബുദ്ധി വികാസവും ഹൃദയവിശാലതയും ആത്മീയ വീക്ഷണവും ധാർമ്മികബോധവും ചേരുമ്പോൾ അയാൾ മാന്യൻ തന്നെ ആകുന്നു

മാന്യത എന്ന വാക്കിനും സംസ്കാരമെന്ന വാക്കിനും ആപേക്ഷികമായ അർഥം മാത്രമേ

കൽപ്പിക്കാൻ കഴിയൂ .ഓരോ വ്യക്തിയിലും സ്വയം വളർന്നു

വരേണ്ട മാന്യത,

സ്വഭാവദാർഢ്യം, ഉത്തരവാദിത്ത

ബോധം , ധാർമ്മികബോധം,

കൃത്യനിഷ്ഠ, ശാലീനത തുടങ്ങിയവ ചേരുമ്പോളാണ് മാന്യത എന്ന ഗുണം

പൂർണമാകുന്നത്. ചെയ്യുന്ന

ജോലിയിൽ അർപ്പണബോധവും , ആത്മാർഥതയും മാന്യതയുടെ

ഭാഗമാണ്.

സമൂഹത്തിനു നന്മ വരുത്തുന്ന കർമങ്ങൾ മാത്രമേ

മാന്യൻ അനുഷ്ഠിക്കുകയുള്ളു. മാന്യൻ

മനക്കരുത്തുള്ളവനായിരിക്കും.

അവന്റെ മുഖ്യബലം ക്ഷമയാണ് .

എടുത്തു ചാട്ടമോ ,വഴക്കോ അവന്

കാണുകയില്ല .മറ്റുള്ളവരിൽ അവൻ നന്മ മാത്രമേ

കാണുകയുള്ളു.

**സൂര്യ സുനിൽ 9-A**

# കുപ്പയാവുന്ന കുപ്പി




അനാവശ്യമായി കുപ്പിവെള്ളം  കുടിക്കുന്ന ശീലം പലർക്കുമുണ്ട് . സമ്പന്നനും ആരോഗ്യത്തെ കുറിച്ച് ബോധവാനുമാണ്  എന്ന് പരസ്യപ്പെടുത്തുകയാണ് ചിലരുടെ ലക്ഷ്യം. പ്ലാസ്റ്റിക് കുപ്പികൾ ഉണ്ടാക്കുന്ന ഭവിഷ്യത്തുക്കൾ മനസിലാക്കിയാൽ പ്ലാസ്റ്റിക് കുപ്പി വെള്ളം കുടിക്കുന്നവർ ഭൂമിക്കും പരിസ്ഥിതിക്കും ഏൽപ്പിക്കുന്ന  ദ്രോഹം തിരിച്ചറിയാം . ലോകമൊട്ടുക്കുള്ള  ഏകദേശ കണക്കുപ്രകാരം ഒരു ലിറ്ററിന്റെ 30000 കോടി എണ്ണം പ്ലാസ്റ്റിക് കുപ്പി വെള്ളമാണ് വർഷംതോറും വില്ക്കുന്നത്.ഒരു ലിറ്റർ  വെള്ളം കുപ്പിയിലാക്കുന്നതിനു ഏഴു ലിറ്ററോളം വെള്ളം വേണം .ഫക്ടറി പ്രവർത്തനത്തിനും കൂളിങ് സംവിധാനത്തിനും മറ്റും

വേണ്ടിയാണ് ഈ വെള്ളം ആവശ്യമായി വരുന്നത്. 30000 കോടി പ്ലാസ്റ്റിക് ബോട്ടിലുകൾ നിർമിക്കാൻ പത്ത് കോടി ബാരൽ എണ്ണ വേണം 77 ലക്ഷം കാറുകൾക്ക് ഒരു വർഷം ഓടുന്നതിന് ചെലവാകുന്ന എണ്ണയാണ് ഇത്. ഒരു ടൺ പ്ലാസ്റ്റിക് ബോട്ടിലുകൾ നിർമ്മിക്കുമ്പോൾ 3 ടൺ കാർബൺ ഡയോക്സൈഡ് അന്തരീക്ഷത്തിൽ കലരും. ഒരു കുപ്പിക്ക് 562 ഗ്രാംഎന്ന കണക്കിൽ ഹരിതഗ്രഹവാതകം അന്തരീക്ഷത്തിലേക്ക് പ്രസരിപ്പിക്കുന്നു. കുപ്പിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ ഗതാഗതം ഉണ്ടാക്കുന്ന ഇന്ധന നഷ്ടവും അന്തരീക്ഷ മലിനീകരണവും പരിസ്ഥിതി പ്രശ്നങ്ങളും വേറെയാണ്. ഒരു ലിറ്റർ പൈപ്പ് വെള്ളം ഉത്പാദിപ്പിക്കാൻ ആവശ്യമായ ഊർജത്തിനേക്കാൾ രണ്ടായിരം മടങ്ങ് കൂടുതൽ ഊർജം ഒരു ലിറ്റർ പ്ലാസ്റ്റിക് കുപ്പിവെള്ളം ഉണ്ടാക്കാൻ വേണ്ടിവരുന്നു.

വെള്ളം കുടിച്ചുകഴിഞ്ഞാൽ ഓരോ വർഷവും ഉപേക്ഷിക്കുന്ന മുപ്പതിനായിരം കോടി പ്ലാസ്റ്റിക് കുപ്പികളുടെ 30% മാത്രമാണ് പുനഃ ചംക്രമണത്തിനായി കിട്ടുന്നത്. ബാക്കി 70% വർഷം തോറും ഭൂമിക്ക് ഭാരമായി പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ച് ആവാസ വ്യവസ്ഥയെ അവതാളത്തിലാക്കി ***ജീവജാലങ്ങൾക്ക് ഭീഷണിയാകുന്നു. ഒരു പ്ലാസ്റ്റിക് കുപ്പി സ്വയം നശിക്കാൻ 700 വർഷങ്ങളെടുക്കും എന്നതും നാം ഓർക്കണം.***

കാവ്യ.എം.യു 9-B

# കടൽ

(കവിത)



നിന്നിലേക്കെത്തും തിരകൾ  പൊൻതുവൽപോൽ ,

മിന്നും പ്രകാശം ..ദൂരെയെങ്ങും  കേൾക്കുന്ന  ഒച്ചയും,

പാടിപ്പാടി എത്തുന്നു പൊൻ നിലാവ് ..

നിന്നിലേയ്ക്കാവാഹിക്കുന്നുപോൽ ചന്ദ്രൻ നിലാവ്പോൽ

എന്നെ തേടും നീയാര് ?

**വൈഷ്ണവ്.എസ്.കുമാർ 9-A**




# എന്റെ ഉത്സവം -വളവനാട് ഉത്സവം

വളവനാട് പുത്തൻകാവ് ദേവീ ക്ഷേത്രത്തിലെ
മനോഹരമായ പടയണികളിൽ ഒന്നാണ്



ചൂട്ടുപടയണി.

ഇത് രണ്ട് ചേരുവാരങ്ങളിലായാണ്
നടത്തപ്പെടുന്നത് .രാത്രി 12 മണിക്ക് നടക്കുന്ന ചൂട്ടു പടയണി തെക്കും വടക്കും ചേരുവാരങ്ങൾ ചേർന്നാണ് നടത്തുന്നത് .ഈ ആഘോഷം കാണാനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഭക്തജനങ്ങൾ എത്തുന്നു . ഇത് ഒട്ടേറെ വർഷങ്ങൾ പഴക്കമുള്ള ഉത്സവമാണ് . ഉത്സവത്തിന്റെ ആരംഭത്തിൽ കുരുത്തോല പടയണി നടത്തുന്നു. അതിനുശേഷമാണ് ചൂട്ട് പടയണി. ചെണ്ടമേളത്തിന്റെ ആരംഭത്തിൽ ആളുകൾ മതിമറന്ന് തുള്ളുന്നു. അവസാനമായി നടത്തുന്ന പടയണി ആണ് വേല പടയണി . ഇതോടു കൂടി ഉത്സവം സമാപിക്കുകയാണ്. ഇത് രണ്ട് ദിവസങ്ങളായിട്ടാണ് നടത്തുന്നത് . അന്നം വലിച്ച് ദേവിയെ സന്തോഷിപ്പിക്കുന്നു . ദേവിയുടെ തിരുസന്നിധിയിൽ




വന്ന് നിന്ന് ആർപ്പുവിളികളോടെയും ആരവങ്ങളോടെയും സമാപിക്കുന്നു. പടയണിയുടെ സമാപനത്തോട് കൂടി സ്റ്റേജ് പ്രോഗ്രാമുകൾ ആരംഭിക്കുന്നു . തൊട്ടടുത്ത ദിവസം ആളൊഴിഞ്ഞ അമ്പല മുറ്റത്തു കൊടി ഇറക്കം നടത്തുന്നു.

**വിജിത്ത്.വി 10-C**



# ചേർത്തലയുടെ ചരിത്രത്തിലൂടെ - ഉല്പത്തി

ചേർത്തല എന്ന പേരിന്റെ ഉത്ഭവത്തെപ്പറ്റി നിരവധി കഥകൾ നിലവിലുണ്ട്.വില്വമംഗലം സ്വാമിയാരുമായി ബന്ധപ്പെട്ടതാണ് അതിൽ പ്രധാനം. ഒരിക്കൽ വില്വമംഗലം സ്വാമിയാർ തിരുവനന്തപുരത്തു നിന്ന് ഗുരുവായൂർക്ക് പോകുന്ന വഴി ചേർത്തലയിലെത്തി ഒരു തമ്പകച്ചുവട്ടിൽ വിശ്രമിച്ചു .അപ്പോൾ അടുത്തുള്ള കുളത്തിലെ ചെളിയിൽ പൂണ്ടുകിടന്ന ഒരു വിഗ്രഹം കാണുന്നു.വിഗ്രഹത്തിന്റെ ദൈവികത്വം തിരിച്ചറിഞ്ഞ സ്വാമിയാർ അതിനെ ചെളിയിൽ നിന്നെടുത്തു ശുദ്ധി ചെയ്തു അടുത്തുള്ള അമ്പലത്തിൽ പ്രതിഷ്ഠിച്ചു.അതിനാൽ ചേറിൽ നിന്നെടുത്ത തല എന്ന അർത്ഥത്തിൽ ചേർത്തല എന്ന പേര് സ്ഥലത്തിന് ലഭിച്ചു എന്ന് കരുതപ്പെടുന്നു .

മറ്റൊന്ന്,ചേർത്തലയുടെ ആദ്യത്തെ പേര് കരപ്പുറം എന്നായിരുന്നു.തങ്ങൾക്ക് സംരക്ഷണം നൽകിയതിന് പ്രത്യുപകാരമായി കൊച്ചി രാജാവ് തിരുവിതാംകൂറിനു ഈ പ്രദേശം സമ്മാനിക്കുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് കരപ്പുറത്തു അമ്പലം

പണിയുവാനുള്ള സഹായം നൽകി, അമ്പലം പണി കഴിപ്പിച്ചു .എന്നാൽ അമ്പല- ഭരണം ഭൂതമടക്കാർ പിടിച്ചെടുത്തു.തുടർന്നു ബുദ്ധമതക്കാരെ തുരത്താനായി പുതിയവീട് ഇരവി ഉണ്ണി പണിക്കരെ ഏർപ്പെടുത്തി.ഉണ്ണി പണിക്കർ സഹായികളോടൊത്തു അമ്പലത്തിലെത്തി ചൂട്ടുകൊണ്ടുള്ള തീപന്തം കൊണ്ട് ബുദ്ധന്മാരെ ആക്രമിക്കുകയും,തെറി വിളിച്ചു അമ്പലത്തിൽ നിന്ന് പുറത്താക്കുകയും ചെയ്തു. ഇതിന്റെ ഓർമ്മയ്ക്കായാണ് ഇന്നും പടയണി നടത്തി വരുന്നത്. ഇതിനൊരു പാഠഭേദം കൂടിയുണ്ട് .ചൂട്ട്കറ്റയുമായി ഉണ്ണി പണിക്കരും സംഘവും അമ്പലം ആക്രമിച്ചപ്പോൾ കാർത്ത്യായനി എന്ന ബുദ്ധ സന്യാസിനിയും വിഹാരത്തിലെ കാവുടയോനും കൊല്ലപ്പെട്ടു .പരിഹാരമായി  ഇവരെ അമ്പലത്തിൽ പ്രതിഷ്ഠിക്കുകയും അവരെ പ്രസാദിപ്പിക്കുവാൻ പടയണി നടത്തി വരുകയും ചെയ്യുന്നു. അമ്പലത്തിനു തെക്കിപടിഞ്ഞാറു ഭാഗത്തുള്ള  ആൽവൃക്ഷത്തിന്റെ തറയിൽ ഉണ്ണിപ്പണിക്കാരുടെ പേര് ആലേഖനം ചെയ്തിട്ടുണ്ട്. ഇത് ഉണ്ണി പണിക്കരുടെ അമ്പലവുമായുള്ള ബന്ധം വ്യക്തമാക്കുന്നതാണ്.

അലകൾ ചേർന്ന അർഥത്തിലാണ് ചേർത്തല എന്ന പേര് ഉണ്ടായതെന്നും പറയപ്പെടുന്നു .ചേർത്തലയുടെ പടിഞ്ഞാറു ഭാഗം അറബിക്കടലാണ്. അതിനാൽ എന്നും അലകൾ,തിരമാലകൾ തഴുകുന്ന സ്ഥലമാണ് ചേർത്തല .

മുല്ലപെരിയാർ ഡാമുമായി ബന്ധപ്പെട്ട ഉടമ്പടി രേഖകളിലും ചേർത്തലയെപ്പറ്റി പരാമർശമുണ്ട്.

Gowri Sathyabose 10-A

# മാന്ത്രികം ഈ കവിത്രയം

മലയാള സാഹിത്യ ചരിത്രത്തിൽ രണ്ടു
കാലഘട്ടങ്ങളിലായി രണ്ടു കവിത്രയങ്ങൾ
ഉണ്ടായിട്ടുണ്ട്.പുരാതനകവിത്രയവും ആധുനിക
കവിത്രയവും.തുഞ്ചത്തു രാമാനുജൻ
എഴുത്തച്ഛൻ,ചെറുശ്ശേരി നമ്പൂതിരി,കുഞ്ചൻ നമ്പ്യാർ
എന്നിവർ ആണ് പുരാതന കവിത്രയം
എന്നറിയപ്പെടുന്നത്.കുമാരനാശാൻ ,ഉള്ളൂർ
.എസ്.പരമേശ്വരയ്യർ,വള്ളത്തോൾ നാരായണ മേനോൻ
എന്നിവർ ചേർന്നതാണ് ആധുനിക കവിത്രയം.ഇവർ
മൂവരും പത്തൊൻപതാം നൂറ്റാണ്ടിന്റെ
അവസാനപാദത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ
ആദ്യപാദത്തിലും ജീവിച്ചിരുന്നതാണ്.

# കുമാരനാശാൻ



മലയാളത്തിൽ കാല്പനിക പ്രസ്ഥാനത്തിനു നാന്ദി കുറിച്ച കവിയാണ് കുമാരനാശാൻ.തിരുവനന്തപുരം ജില്ലയിലെ കായിക്കരയിലാണ് കുമാരനാശാൻ ജനിച്ചത്.പിതാവ് നാരായണൻ ,മാതാവ് കാളിയമ്മ.ഭാനുമതി അമ്മയാണ് പത്നി.കുമാരനാശാൻ കുടിപ്പള്ളിക്കൂടത്തിൽനിന്നും സംസ്കൃതവും ഗണിതവും പഠിച്ചു.14-ആം വയസ്സിൽ സ്കൂൾ പരീക്ഷ വിജയിച്ചു.

ശ്രീ നാരായണഗുരുവുമായുള്ള അടുപ്പം കവിയുടെ ജിവിതത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി.ശ്രീ നാരായണ ധർമപരിപാലനസംഘം രൂപവത്കരിച്ചപ്പോൾ പ്രഥമ സെക്രട്ടറിയായി.തിരുവിതാംകൂർ നിയമനിർമാണസഭയിൽ അംഗമായി. കരുണ,നളിനി, ലീല,വീണപൂവ്, ചണ്ഡാലഭിക്ഷുകി,ബാലരാമായണം,ശ്രീബുദ്ധചരിതം,തുടങ്ങിയവയാണ് പ്രധാന കൃതികൾ.

# ഉള്ളൂർ




കാവ്യഭംഗി തുളുമ്പുന്ന കവിതകളാൽ
മലയാളകവിതയെ ആശ്ലേഷിച്ച കവിയാണ്
ഉള്ളൂർ.തന്റെ എല്ലാ കവിതകളിലും ഉള്ളൂർ
ചമൽക്കാരത്തിന്റെ പൊൻകസവുകൾ
തുന്നിച്ചേർത്തു.

1877 ജൂൺ ആറിന് കോട്ടയം ജില്ലയിലെ
പെരുന്നയിൽ താമരശ്ശേരി ഇല്ലത്താണ്
പരമേശ്വരയ്യർ ജനിച്ചത്.അച്ഛൻ സുബ്രഹ്മണ്യ

അയ്യർ, അധ്യാപകനായിരുന്നു. അമ്മ ഭഗവതി അമ്മ .കുട്ടിക്കാലം പെരുന്നയിലായിരുന്നെങ്കിലും പിന്നീട് തിരുവനന്തപുരം ജില്ലയിലെ ഉള്ളൂരിലേക്കു താമസം മാറ്റി.തത്ത്വശാസ്ത്രത്തിലും നിയമത്തിലും ബിരുദവും, മലയാളത്തിലും തമിഴിലും ബിരുദാനന്തരബിരുദവും കരസ്ഥമാക്കി.ആദ്യം അധ്യാപകനായും പിന്നീട് തിരുവിതാംകൂർ സർക്കാർ സർവീസിൽ വിവിധ വകുപ്പുകളിൽ ഉദ്യോഗസ്ഥനായും സേവനം അനുഷ്ഠിച്ചു.കേരള സാഹിത്യചരിത്രരചന ഉള്ളൂരിന്റെ സർഗജീവിതത്തിലെ നാഴികക്കല്ലാണ്.ഉമാകേരളം, കർണ്ണഭൂഷണം ,പിംഗള ,ഒരു മഴത്തുള്ളി, ഭക്തി ദീപിക തുടങ്ങിയവയാണ് പ്രധാന കൃതികൾ. കേരളചരിത്രത്തിന്റെ ശില്പി എന്ന നിലയിലാണ് ഉള്ളൂരിന്റെ യശസ്സ് ഇന്നും നിലനിൽക്കുന്നത. മഹാകവി,കവിതിലകൻ,സാഹിത്യ ഭൂഷൺ തുടങ്ങിയ ബഹുമതികൾ ഉള്ളൂരിന് ലഭിച്ചു.1949-ലായിരുന്നു അന്ത്യം.

# വള്ളത്തോൾ



'ഭാരതമെന്നപേർ കേട്ടാല-
ഭിമാന പൂരിതമാകണമന്തരംഗം
കേരളമെന്നുകേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ '

എന്നൊക്കെ പാടിയ കവിയാണ് വള്ളത്തോൾ .അചഞ്ചലമായ ദേശഭക്തിയുടെ സൗന്ദര്യവും ശക്തിയും വള്ളത്തോൾ തന്റെ മിക്ക കവിതകളിലും കോർത്തുവെച്ചു .

1878 ഒക്ടോബർ 16 ന് മലപ്പുറം ജില്ലയിലെ ചേന്നരിയിൽ മഹാകവി ജനിച്ചു .വള്ളത്തോൾ നാരായണൻ എന്നാണ് മുഴുവൻ പേര് . ദാമോദരൻ ഇളയത്,കുട്ടി പാറുഅമ്മ എന്നിവരാണ് മാതാപിതാക്കൾ.എന്റെ ഗുരുനാഥൻ ,സാഹിത്യമഞ്ജരി ,അച്ഛനും മകനും ,ഗണപതി ,ബധിരവിലാപം ,വിഷുക്കണി ,കൊച്ചുസീത ,ബാപ്പുജി ,മഗ്ദലനമറിയാം ,ശിഷ്യനും മകനും ,തുടങ്ങി എണ്ണമറ്റ കൃതികൾ രചിച്ചു .കേരളീയ കലാമണ്ഡലമെന്ന കലാപഠന കേന്ദ്രം സ്ഥാപിച്ചു .ഇന്ന് ഈ സ്ഥാപനം വളർന്നുവലുതായി ,കല്പിത സർവ്വകലാശ്ശാലയായി മാറിയിരിക്കുന്നു .

*സിദ്ധു .വി .എസ് 9A*




# GLITTERING STARS OF 2017-18



# ഗാന്ധിജിയുടെ അടി




മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിലെ ടോൾസ്റ്റോയി ഫാം എന്ന ആശ്രമത്തിൽ കഴിയുന്ന കാലം . അവിടെ കുട്ടികളെ പഠിപ്പിക്കുന്നത് ഗാന്ധിജി തന്നെയായിരുന്നു . ഗാന്ധിജിയുടെ ശിഷ്യന്മാരുടെ കൂട്ടത്തിൽ ബാലു എന്ന കുട്ടി മഹാധിക്കാരിയായിരുന്നു .മറ്റു കുട്ടികളോട് തല്ലുകൂടുന്നതു ബാലുവിന്റെ പതിവായിരുന്നു. ഗാന്ധിജിയാകട്ടെ ശിഷ്യന്മാരെ ഒരിക്കൽ പോലും ശിക്ഷിച്ചിരുന്നില്ല.അടികൊടുത്ത് ആരെയും നന്നാക്കാൻ

കഴിയില്ലെന്നായിരുന്നു ഗാന്ധിജി പലതവണ ഉപദേശിച്ചിരുന്നത് . പക്ഷെ അതൊന്നും ബാലു കേട്ടില്ല .ഓരോ ദിവസവും അവൻ പുതിയ പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു .ഒരു ദിവസം ബാലു മറ്റൊരു കുട്ടിയെ ഇടിച്ചു വീഴ്ത്തി. ഇത് കണ്ടു വന്ന ഗാന്ധിജിക്ക് കോപം വന്നു . എന്തിനാണ് നീയിത് ചെയ്തത് എന്ന് ഗാന്ധിജി ചോദിച്ചു .എനിക്ക് തോന്നിയതുകൊണ്ട് .ധിക്കാരത്തോടെ ബാലു മറുപടി പറഞ്ഞു . ഗാന്ധിജിയുടെ എല്ലാ ചോദ്യങ്ങൾക്കും ബാലു അഹങ്കാരത്തോടെയാണ് ഉത്തരം പറഞ്ഞത് .പെട്ടെന്നാണത് സംഭവിച്ചത് കോപം കൊണ്ട് സമനിലതെറ്റിയ ഗാന്ധിജി അവിടെയുണ്ടായിരുന്ന തടിച്ചൊരു വടിയെടുത്ത് ബാലുവിന്റെ കൈയിൽ ആഞ്ഞടിച്ചു . എല്ലാവരും ഞെട്ടി . അഹിംസാവാദിയായ ഗാന്ധിജി ഒരാളെ അടിക്കുന്നത് അവർ ആദ്യമായി കാണുകയായിരുന്നു .അടികിട്ടിയതും ബാലു നിശബ്ദനായി . കരുത്തനായ ബാലു മെലിഞ്ഞ ഗാന്ധിജിയെ എന്തെങ്കിലും ചെയ്യുമോയെന്നുപോലും എല്ലാവരും പേടിച്ചു .പക്ഷെ ബാലു മനസ്താപത്തൽ കരയുകയും മാപ്പു പറയുകയുമാണ് ഉണ്ടായതു.അടിയുടെ വേദന കൊണ്ടല്ല ബാലു കരഞ്ഞതും മാപ്പുപറഞ്ഞതുമെന്ന് ഗാന്ധിജിക്ക് അറിയാമായിരുന്നു. പിന്നീട് ഗാന്ധിജി ബാലുവിനോടെ ചോദിച്ചു എന്താണ് നീ മാപ്പുപറയാൻ കാരണം. ഒരു നിമിഷം നിശബ്ദനായി നിന്നിട്ട് ബാലു മറുപടി പറഞ്ഞു .ജീവിതത്തിൽ ആദ്യമായി ഒരു ശിഷ്യനെ വടിയെടുത്ത് അടിച്ചപ്പോൾ അങ്ങു അനുഭവിച്ച ആ വേദന ഞാൻ കണ്ടു. എന്നെ അടിക്കുമ്പോൾ അങ്ങയുടെ മുഖം സങ്കടം കൊണ്ട് വിതുമ്പിയിരുന്നു. കൈകൾ നിരാശ കൊണ്ട് വിറച്ചിരുന്നു. എന്നെ ശിക്ഷിക്കുമ്പോൾ അങ്ങയുടെ വേദന എത്ര വലുതാണെന്ന് എനിക്ക് മനസിലായി . പിന്നീട് ഒരിക്കലും ബാലു അനുസരണക്കേട് കാണിച്ചിട്ടില്ല .

***ആദിത്യൻ T.R. 8-C***





# N.S.S 2018-19 @ VHSSK






SNEHA SPARSHAM





FROM THE VEGETABLE GARDEN






DR.RIMA DADA FROM AIIMS
LEADING A SESSION ON YOGA









വിജയികളുടെ
കഥകൾ വായിക്കരുത്
അതിൽ നിന്നും
നിങ്ങൾക്ക് സന്ദേശം
മാത്രമേ ലഭിക്കുകയുള്ളൂ
പരാജിതരുടെ
കഥകൾ വായിക്കുക
നിങ്ങൾക്ക് വിജയിക്കാനുള്ള
പ്രചോദനം ലഭിക്കും
(എ പി ജെ)

## മാതൃഭൂമി 'സീഡ്'

സമൂഹനന്മ കുട്ടികളിലൂടെ എന്ന ലക്ഷ്യത്തോടെ ഇന്ത്യയിലെ തന്നെ പ്രമുഖ ദിനപത്രമായ മാതൃഭൂമി, കേരളത്തിലെ സ്കൂളുകളിൽ നടപ്പാക്കിയ പദ്ധതിയാണ് സീഡ് അഥവാ സ്റ്റുഡന്റ്എംപവർ മെന്റ് ഫോർ എൻവിയോൺമെന്റൽ ഡെവലപ്മെന്റ്. പരിസ്ഥിതിയുടെ മാറ്റങ്ങൾ നന്മയിലേക്ക് എത്തിക്കുക, അത് കുട്ടികളിലൂടെ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതി പത്താം വർഷത്തിലെത്തുമ്പോൾ അത് പാരിസ്ഥിതിക പ്രശ്നങ്ങൾ മാത്രമല്ല എല്ലാവിധ സാമൂഹിക മേഖലകളിലേക്കും അതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിരിക്കുന്നു. 2010 - 11 വർഷം മുതൽ തന്നെ നമ്മുടെ സ്ക്കൂളും ഈ പദ്ധതിയിൽ അംഗങ്ങളാണ്. നമ്മുടെ സ്കൂളിലെ 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ ഏതാണ്ട് നൂറോളം കുട്ടികൾ ഇതിൽ അംഗങ്ങളാണ്. വിവിധ പ്രവർത്തനങ്ങളുമായി എല്ലാവരും തന്നെ അതിൽ സജീവ പങ്കാളികളാണ്. വ്യത്യസ്ത വിഷയങ്ങളിലുള്ള സെമിനാറുകൾ, ശില്പശാലകൾ, ക്ലാസുകൾ, ഫീൽഡ്ട്രിപ്പുകൾ, ദിനാചരണങ്ങൾ എന്നിവ സീഡിന്റെ പ്രവർത്തനങ്ങളിൽ പെടുന്നു. വൃക്ഷത്തൈകൾ നട്ടു സംരക്ഷിക്കാൻ കേരസംരക്ഷണം ,ശലഭോദ്യാനം ,പച്ചക്കറി കൃഷി എന്നിവയും ഇതിന്റെ ഭാഗമാണ് .

കർക്കിടക മാസം ആരോഗ്യ പരിപാലനം -നാട്ടറിവ് ശില്പശാല, സീറോബജറ്റ് കൃഷി, ഹൃദയാരോഗ്യ ദിനം ശില്പശാല , ഔഷധ സസ്യങ്ങളും , ഒറ്റ മൂലികളും തുടങ്ങിയവ സീഡിന്റെ നേതൃത്വത്തിൽ നടന്ന ചില പ്രവർത്തനങ്ങളാണ് .പ്രമുഖ ഗാന്ധിയൻ ശ്രീ രവി പാലത്തിങ്ങളുമായി അഭിമുഖം അദ്ദേഹത്തിന്റെ വസതിയിൽ , എന്നിവ സീഡിന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള ചില ഫീൽഡ് ട്രിപ്പുകളാണ്. കൂടാതെ വിപു ലമായ പച്ചക്കറി കൃഷി ,നക്ഷത്ര വനം ,ശലഭോദ്യാനം എന്നിവയും നടത്തിവരുന്നു . കൊതുകുനിവാരണ ദിനം , ഹൃദയരോഗ്യദിനം, വയോജനദിനം , സ്വാതന്ത്ര്യദിനം , ഗാന്ധിജയന്തി , പരിസ്ഥിതിദിനം തുടങ്ങിയവയും സീഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.ഈ വർഷത്തെ പ്രളയ കെടുതിയിലും സീഡ് അതിന്റെ സഹായഹസ്തം നീകയുണ്ടായി.ഈ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 2014-ലും2017-ലും ചേർത്തല സബ് ജില്ലയിലെ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച സ്കൂളുകളിലൊന്നായി നമ്മുടെ സ്ക്കൂളും അവാർഡിനർഹരായി.ഈ അധ്യയന വർഷത്തിലും എല്ലാവിധ ഊർജത്തോടുംകൂടി സീഡ് അതിന്റെ പ്രവർത്തനം തുടരുന്നു

**സീഡ് കോഡിനേറ്റർ**

**അരുണ രവീന്ദ്രൻ**



# മഴ

ക്ലാസ് റൂമിന്റെ മേല്ക്കൂരയ്ക്കിടയിലൂടെ,
ഒലിച്ചിറങ്ങിയ മഴത്തുള്ളികൾ പുസ്തകങ്ങളെ
നനച്ചുതുടങ്ങിയപ്പോൾ,
കുട്ടികളുടെ ശ്രദ്ധ ചിത്രശലഭങ്ങളായി..
അവ പുസ്തകങ്ങളെവിട്ട്
ജാലകം കടന്ന് പുറത്തേക്ക്....
അവിടെ

മതിലുകൾ മാഞ്ഞുപോയി..
അവ വിശാലമായ പ്രകൃതിയിലേക്ക്
പറന്നിറങ്ങി..
അവർക്ക് മഴ സന്തോഷമായി ,
സൗന്ദര്യമായി..
എന്നാൽ എനിക്ക് മഴ
ഭീതിയായി ..മനസിലുണ്ടായ എൻ
ചിന്തകൾ




വീട്ടിലേക്ക് പറന്നു..
ചോർന്നൊലിച്ചെന്റെ വീട്ടിൽ
വെള്ളം നിറഞ്ഞേക്കുമോ ..?
പുസ്തകങ്ങൾ കുതിർന്നു പോയേക്കുമോ..?
ക്ലാസ്സിനുമുന്നിൽ ആടുന്ന ആ
കുറ്റൻ തെങ്ങ്,
പിന്നെയും ഭീതിയുടെ ചിറകുകൾ
എൻ മനസ്സിലേക്ക് ഓടി വന്നു..
എന്റെ വീടിനുമുന്നിലുമുണ്ടല്ലോ ഒരു
കുറ്റൻ തെങ്ങ്..
ദൈവമേ അതിന്റെ വേരുകൾക്ക്
ശക്തിനൽകേണമേ ....

അനീജ ടി ജെ
8 ബി

# Flying Little Kites


























# കൂട്ടുകാരി




കൂട്ടുകാരായാൽ സ്നേഹംവേണം ...............

കൂട്ടുകാരായാൽ നന്മയുണ്ടാകണം .............

അടിയും പാടിയും ഒത്തുരസിക്കണം ........

തമാശകളും കളികളും വേണം ...............

സങ്കടങ്ങൾ തീർത്തു സന്തോഷിക്കണം.

കൂട്ടുകാരായാൽ ഒത്തൊരുമ വേണം ..

എന്നും ഒത്തൊരുമ വേണം .........

അനശ്രീ ബി...............

5A...............

# അമ്മയും അച്ഛനും



ഒത്തിരി ഒത്തിരി സ്നേഹം കൊണ്ട്
വാരിപ്പുണർന്നതുഅച്ഛനും അമ്മയും ..........
സ്നേഹം തന്ന തോളിലേറ്റുന്നതും  അച്ഛനാണ് .........
ഭക്ഷണം നമ്മുക്ക് വാരിത്തരുന്നതും അമ്മയാണ് ...........
അച്ഛനാളെല്ലാം അമ്മയാണെല്ലാം ............
എനിക്ക് ലോകത്തിൽ ഏറെ ഇഷ്ടം അച്ഛനേം അമ്മയെമാണ് .......
നമുക്ക് വേണ്ടി കഷ്ടപ്പെടുന്നത് അച്ഛനാണ് ....കൂടെഅമ്മയുമുണ്ട്
പല പല അറിവുകൾ നൽകുന്നതും ഇവർ തന്നെയാണ് ..........
നമ്മെ ഒത്തിരി സ്നേഹിക്കാനും.....
മാതാപിതാക്കളുണ്ട് ....മാതാപിതാക്കളുണ്ട് .....



**അമൃത കെ എസ് , 5 - A**

# *Our English World*




## FULL FORMS

**google** – Global Organization of Oriented Group Language of Earth,

**yahoo** – yet another hierarchical officious oracle

**Computer** – Common Operating Machine Particularly Used for Trade, Education, and Research

**Virus** – vital information resource under siege

**LED** – light emitting diods

**RAM** - random access memory

**ROM** – real only memory

**USB** - universal serial bus

**WLAN** – wireless local area network

**DVD** – digital video disk

**ATHUL KRISHNA .A 9 - A**

# MAGIC




1*8+1=9
12*8+2=98
123*8+3=987
1234*8+4=9876
12345*8+5=98765
123456*8+6=987654
1234567*8+7=9876543
12345678*8+8=98765432
*123456789*8*9=987654321*

*GANGA .G*
*8A*

# NEW YEAR 2019


2019 is the smallest number that can be written in 6
ways as the sum of the squares of 3 primes:




$7^2 + 11^2 + 43^2 = 2019$
$7^2 + 17^2 + 41^2 = 2019$
$13^2 + 13^2 + 41^2 = 2019$
$11^2 + 23^2 + 37^2 = 2019$
$17^2 + 19^2 + 37^2 = 2019$
$23^2 + 23^2 + 31^2 = 2019$

It's also the sum of all unique perfect powers up to 35=243:

$1^2+2^2+2^3+2^4+2^5+2^6+2^7+3^2+$
$3^3+3^4+3^5+5^2+5^3+6^2+6^3+7^2+$
$10^2+11^2+12^2+13^2+14^2+15^2=$
$2019$




| | |
|---|---|
| 1 | one |
| 10 | ten |
| 100 | hundred |
| 1000 | thousand |
| 10000 | ten thousand |
| 100000 | hundred thousand |
| 1000000 | million |
| 10000000 | |
| 100000000 | |
| 1000000000 | billion |
| 10000000000 | |
| 100000000000 | |
| 1000000000000 | trillion |
| 10000000000000 | |
| 100000000000000 | |
| 1000000000000000 | quadrilion |
| 10000000000000000 | |
| 100000000000000000 | |
| 1000000000000000000 | quintillion |
| 10000000000000000000 | |

# WHO ARE WE ???

We are the third largest member of the cat family after the tigers and lions. We are not leopards though ,we also have spots on our body . We have the shortest tails of all the big cats .We are larger and stronger than the leopards and like the tiger , we are good swimmers .Our legs are short but they are very thick and strong. This help us to climb, crawl and swim very well. Though we also live in open spaces, the forest are our favourite homes, especially the rain forests of the world. We have very sharp teeth which makes our bite very powerful and unique. We often attack our enemies, by biting them directly through their skull and hard shells. To clear land for growing crops and building houses for people,we are being killed by human being. So we are now becoming less in number and are considered a threatened species. We are the national animal of Guyana, in the continent of South America. We also appear on the Real , which is the currency note of Brazil . We share our name with a big , luxury car made in Britain .Guess who we are ....??Yes The JAGUAR.



**SWATHI 10 B**

# DON'T TELL ME THAT !



Don't tell me not to cry,
Not to be so emotional,
Or to say to be so extreme in love,
Or whatever it be .....
Don't tell me not to laugh that much,
Or to be so happy,
Or to say ..to be so sad,
Because my sentiments are me myself......
Don't tell me not to do my chores.
Because that is my life,
My way of expressing my love,
And a way to give away my tiredness....
Don't tell me not to go that way,
Or to this way, even if it is because of my safety....
Because my way whatever it be ....
It is my right ....and my mind is mine....
Not yours....
So I quote, "I think therefore I am.."

**Nisha .S**
**H.S.A.English**

# India – Political Map



# भारत एक परिचय

भारत का पुराना नाम - हिन्दुस्तान

भारत की राजधानी - नई दिल्ली

भारत की देशीय फूल -कमल

भारत की देशीय झंडा -तिरंग झंडा

भारत की देशीय गान - जन गण मन

भारत की देशीय चिह्न - अशोक स्तम्भ

भारत की देशीय पक्षी - मोर

भारत की देशीय पशु - बाघ

*भारत की देशीय भाषा -हिंदी*

*APARNA.B 9A*

# AMAZING MATHS




1*9+2=11
12*9+3=111
123*9+4=1111
1234*9+5=11111
12345*9+6=111111
123456*9+7=1111111
1234567*9+8=11111111
12345678*9+9=111111111
123456789*9+10=1111111111

**ANJANA .K .S 10 . A**

# INSPIRING PERSONALITIES

## Dr. E. SREEDHARAN



Elattuvalappil Sreedharan (85years)Indian civil engineer and retired Indian Engineering Service (IES) Officer poppularly known as the “metro man”

E.sreedharan was the Kochi Metro Project's chief architect. He is also the principal adviser of the Delhi Metro Rail Corporation (DMRC)

Inspiteof crossing the age of 85,he is still active and endowed with strong will power .

# SREE RAM VENKITA RAMAN



Sriram Venkataraman is a young IAS officer who has burst into the news cycle with his courageous drive against illegal encroachers in the hill station of Munnar in Kerala. Venkataraman, who secured the second rank in the Civil Services Examination in 2013, was the sub-collector of Devikulam near Munnar in Idukki . Venkataraman's efforts to evict resort owners who do not have proper land records have found favour among the activists and locals.

**ANAKHA BABU 9A**

## ***MY MOTHER***



Mother my mother

A river of love

which never ends..

But flowing all the time..

Mother my mother

A mountain of help

which never stops

But keeps going all the times ..

By

Devanarayan 9 - A

# हिंदी विभाग



# कबीर दस




महात्मा कबीरदास हिंदी के सबसे महान सनत कवी थे | उनका जन्म कशी में हुआ था | कहा जाता है कि वे एक विधवा ब्रह्माणी के पुत्र थे | नीरू और मुस्लमान जुलाई ने उन्हें लहरतया नमक तालाब के किनारे पाया थ |नीरू और उसकी पत्नी नीमा ने कबीर का पालन पोषण किया | आजीविका केलिए कबीर को जुलाई का काम अपनाया था |कबीर निरक्षर थे |लेकिन उन्होंने जीवन की पाठशाला से अतुल्य ज्ञान प्राप्त किया था | स्वामी रामानन्द कबीर का दीक्षा गुरु थे |

कबीर के व्यक्तित्व में हिन्दू -मुस्लमान संस्कृतियां का अतभुत मेल है | उन्होंने दोनों धर्म का भेद -भाव मिटाकर दोनों को निकट लाने का सराहनीय कार्य किया |कबीर मूर्ति -पूजा ,जाति-पांति ,तीर्थ -व्रत ,पूजा पाठ आदि के विरोधी किया | पंडित और मुल्ला दोनों पर उन्होंने प्रहार किया | कबीर की रचनाये बीजक नाम से संकलिता है | इसके तीन भाग है -साखी ,सबर और रमैनी | कबीर की भाषा खडीबोली के निकट है |

***- Seethalekshmi 9B***

# ताजमहल



ताजमहल संसार के सबसे
सुंदर स्मारकों में से एक है I
इसे विध्व के आश्चर्यों में से एक माना जाता है I
संसार के सभी देशों के लोग इसे देखने आते है I भारत
में भी यह आकर्षण का एक प्रमुख केन्द्र है I
ताजमहल प्यार की अध्भुत यथगार है I
इसकी कारीगरी और सुन्दरता मुग्ध कर देनेवाली है I
ताजमहल को काम से काम जीवन में एक बार देखने
की इच्छा रहित है I

BY

**HARI KRISHNAN *8 - A***






# THANKS FOR ALL




പ്രിയ ശിഷ്യനും കൂട്ടുകാരനുമായ
ഞങ്ങളുടെ അക്ഷയ കെ.പിയ്ക്ക്
ആദരാഞ്ജലികൾ

